# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.14 No.11 കാർത്തികപ്പള്ളി R.No. 7361/02 2014 NOVEMBER

e-paper : vedabhimani


## റോബോട്ട് ബോസ്



റോബോട്ടുകൾ മേലധികാരികളാകുന്ന കാലം വിദൂരമല്ലന്നു ഗവേഷകർ. റോബോട്ടിന്റെ കീഴിൽ ജോലി ചെയ്യുമ്പോൾ ജീവനക്കാർ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുമെന്നാണ് ഗവേഷകർ പറയുന്നത്. ഓഫീസ് മേലധികാരിയുടെ നിർദേശങ്ങളെക്കാളും റോബോട്ടുകൾ നൽകുന്ന നിർദേശങ്ങൾ നടപ്പിലാക്കാനാണ് പലരും ഇഷ്ടപ്പെടുന്നത്. നിരവധി മാനേജുമെന്റുതല പരീക്ഷണങ്ങൾക്കും നിരീക്ഷണങ്ങൾക്കും ശേഷമാണ് ഗവേഷകർ ഇത്തരമൊരു നിഗമനത്തിലെത്തിയത്. റോബോട്ട് ഇൻചാർജ് ആയാൽ ജീവനക്കാർ കൂടുതൽ സന്തുഷ്ടരായിരിക്കും. ഇത് അവരുടെ ജോലിയിൽ പ്രതിഫലിക്കുമെന്നാണ് വിലയിരുത്തുന്നത്. Massachusetts Institute of Technology (MIT) ലെ കംപ്യൂട്ടർ സയൻസ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ലാബിലെ ഗവേഷകരാണ് ഇതു സംബന്ധിച്ചു പഠനം നടത്തിയത്. ഭാവിയിൽ റോബോട്ടുകൾക്കു കൂടുതൽ അധികാരങ്ങൾ വരുമെന്നാണ് ഇവർ പറയുന്നത്.

രണ്ടു മനുഷ്യരെയും ഒരു റോബോട്ടിനെയും മൂന്ന് വ്യത്യസ്ത സാഹചര്യങ്ങളിൽ ജോലി ചെയ്യിച്ചാണ് ഇത്തരമൊരു നിഗമനത്തിൽ എത്തിച്ചേർന്നത്. മനുഷ്യബോസിനേക്കാളും കാര്യക്ഷമതയിൽ റോബോട്ട് ബോസിനു കാര്യങ്ങൾ മനസിലാക്കി പ്രവർത്തിക്കാൻ കഴിയുമെന്നാണ് റോബോട്ടിനൊപ്പം ജോലി ചെയ്തവർ പറയുന്നത്. കാര്യങ്ങൾ മനസ്സിലാക്കുന്നതിനൊപ്പംതന്നെ വേണ്ട സഹായങ്ങൾ ആവശ്യസമയത്തു തരാൻ റോബോട്ടിനു കഴിയുന്നുണ്ടെന്നും ഗവേഷകർ കണ്ടെത്തി.

## ടൈറ്റാനിയം തലയോട്ടി



ചൈനയിലെ ഷാൻക്സി പ്രവിശ്യയിലെ ഹുവിന് തന്റെ വീടിന്റെ മൂന്നാം നിലയിൽനിന്നു വീണാണു ഗുരുതര പരുക്കേറ്റത്. തലയോട്ടി പൊട്ടിയതോടെ അദ്ദേഹത്തിന്റെ മുഖം വികൃതമാകുകയായിരുന്നു. തലയോട് പൊട്ടിയ ഭാഗത്ത് സ്പർശിച്ചാൽ പോലും ഹൂ മരിച്ചുപോകുന്ന അവസ്ഥ. ഇതേ തുടർന്നാണ് 3ഡി പ്രിന്റിംഗ് സാങ്കേതിക വിദ്യയുടെ സഹായത്തോടെ ടൈറ്റാനിയം ഉപയോഗിച്ചു തലയോട്ടി നിർമിക്കാൻ പീക്കിംഗ് യൂണിവേഴ്സിറ്റി ഹോസ്പിറ്റലിലെ ഡോക്ടർമാർ തീരുമാനിച്ചത്. ആദ്യഘട്ട ശസ്ത്രക്രിയ വിജയമായിരുന്നു. പുതിയ തലയോട്ടിക്കു പുറത്ത് ചർമം ഒട്ടിക്കുന്നതും വിജയിച്ചാൽ ഹൂവിനു സാധാരണ നിലയിലേക്കു മടങ്ങാനാകും.






## തലകീഴായ ജീവിതം

തലകീഴായാണു ക്ലോഡിയോ നമ്മെ കാണുന്നത്. പ്രകൃതിയുടെ ക്രൂരത ആ ശരീരത്തിൽ കാണാം. കൈ-കാലുകൾക്കു ചലനശേഷി പരിമിതം. പക്ഷേ, ലോകമെമ്പാടുമുള്ള ആയിരങ്ങൾക്കു പ്രചോദനമാണു ക്ലോഡിയോ വിയേര ഒലിവേര (37).

ഒടിഞ്ഞതുപോലെയുള്ള കഴുത്തുമായാണു ക്ലോഡിയോ ജനിച്ചത്. കുഞ്ഞിന്റെ അവസ്ഥ കണ്ടപ്പോൾ മരണത്തിനു വിട്ടുകൊടുക്കാൻ അമ്മ മരിയ ജോസ് തയാറായിരുന്നു. പക്ഷേ, മരണം അവനെ ഉപേക്ഷിച്ചത് ഡോക്ടർമാർക്കുപോലും അത്ഭുതമായി.

“മറ്റുള്ളവരെ ആശ്രയിക്കുന്നത് എനിക്കിഷ്ടമായിരുന്നില്ല. എല്ലാം തനിയെ പഠിച്ചെടുക്കണമെന്നായിരുന്നു മോഹം. കമ്പ്യൂട്ടർ, സ്മാർട്ട് ഫോൺ, ചെറിയ ഉപകരണങ്ങൾ എന്നിവ സ്വയം കൈകാര്യം ചെയ്യാൻ പഠിച്ചു. വായിൽ ഘടിപ്പിച്ച പേന ഉപയോഗിച്ചാണ് എഴുതുന്നത്. ചുണ്ട് ഉപയോഗിച്ചു കമ്പ്യൂട്ടർ മൗസിനെയും” -അദ്ദേഹം പറയുന്നു. അക്കൗണ്ടന്റായി മാറിയ ക്ലോഡിയോ ഇപ്പോൾ പ്രതിസന്ധി ഘട്ടങ്ങളിലൂടെ കടന്നുപോകുന്നവർക്കു കരുത്ത് പകരാൻ സഹായിക്കുന്ന പ്രഭാഷകൻ കൂടിയാണ്.



## ഇന്ത്യൻ ഇ – മെയിൽ



V. A. Shiva, Inventor of EMAIL

ഇ-മെയിലിന് 32 വയസു തികയുമ്പോൾ ഇന്റർനെറ്റിലൂടെയുള്ള ഈ കത്തിടപാടുകൾക്കു തുടക്കമിട്ടത് ഒരു ഇന്ത്യക്കാരനാണെന്ന് എത്ര പേർക്ക് അറിയാം? വി. എ. ശിവ അയ്യാദുരൈ എന്ന ഇന്ത്യൻ വംശജനായ അമേരിക്കൻ പൗരൻ 1978-ലാണ് ഈ വിസ്മയ കണ്ടുപിടിത്തം നടത്തിയത്. അയ്യാദുരൈയ്ക്ക് അന്നു പതിന്നാലു വയസ് മാത്രവും.

1982 ഓഗസ്റ്റ് 30-ന് അമേരിക്കൻ സർക്കാർ അയ്യാദുരൈയെ ഇ-മെയിലിന്റെ സ്രഷ്ടാവായി അംഗീകരിച്ചു. പകർപ്പവകാശം നല്കി ആദരിച്ചു.

പുതിയ സോഫ്റ്റ്വെയറുകൾ കണ്ടെത്തുന്നവർക്ക് അവ കൈമാറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കാനുള്ള ഏക മാർഗമായിരുന്നു അന്നു കോപ്പിറൈറ്റ് അവകാശം.

എം.ഐ.റ്റി, അർപാനെറ്റ് എന്നീ കംപ്യൂട്ടർ നെറ്റ് വർക്കുകൾ മാത്രമുള്ളപ്പോഴാണ് അയ്യാദുരൈ പിൽക്കാലത്ത് ഇന്റർനെറ്റിൽ എല്ലാവർക്കും ഒരുപോലെ ഉപയോഗിക്കാൻ കഴിയുന്ന ഇലക്ട്രോണിക് മെയിലിനു രൂപം നല്കിയത്. അക്കാലത്ത് അതൊരു നടക്കാത്ത സ്വപ്നമായിരുന്നുവെന്നു ഹഫിംഗ്ടൺ പോസ്റ്റ് റിപ്പോർട്ട് ചെയ്തു.

സൈനിക രഹസ്യങ്ങൾ കൈമാറാനാണ് അർപാനെറ്റ് ഉപയോഗിച്ചിരുന്നത്. വേൾഡ് വൈഡ് വെബ് പോലെ സമാന്തരമായ ഇന്റർനെറ്റ് സങ്കേതമാണിത്.

ബോംബെയിലെ ഒരു തമിഴ് കുടുംബത്തിൽ ജനിച്ച അയ്യാദുരൈ, ഏഴു വയസ്സുള്ളപ്പോഴാണ് അമേരിക്കയിലെത്തിയത്. 14 വയസ്സുള്ളപ്പോൾ കംപ്യൂട്ടർ പ്രോഗ്രാമിംഗുമായി ബന്ധപ്പെട്ടു ന്യൂയോർക്ക് യൂണിവേഴ്സിറ്റി സംഘടിപ്പിച്ച ഒരു സെമിനാറിൽ പങ്കെടുത്തു. ന്യൂജഴ്സിയിലെ ലിവിംഗ്സ്റ്റൺ ഹൈസ്കൂളിൽ നിന്നു ബിരുദമെടുത്തു. പിന്നീട് യൂണിവേഴ്സിറ്റി ഓഫ് മെഡിസിൻ ആൻഡ് ഡെന്റിസ്ട്രി ഓഫ് ന്യൂജഴ്സിയിൽ ഗവേഷണ സഹായിയായി പ്രവർത്തിച്ചു. ഇക്കാലയളവിലാണു കംപ്യൂട്ടർ പ്രോഗ്രാമിംഗിനോടുള്ള അയ്യാദുരൈയുടെ അമിതതാല്പര്യവും സമർപ്പിതമനസും റിസർച്ച് അധ്യാപകനായ ഡോ. ലെസ്ലി മിച്ചെൽസണിന്റെ ശ്രദ്ധയിൽപെടുന്നത്.

നീ മിടുക്കനാണെങ്കിൽ പേപ്പറിലൂടെയുള്ള ഈ കത്തിടപാടുകൾ ഇലക്ട്രോണിക് മെയിലുകളാക്കി മാറ്റുവാൻ എന്ന് അധ്യാപകൻ ആവശ്യപ്പെട്ടു. അയ്യാദുരൈയ്ക്ക് അതിനു കഴിയുമെന്നു മിച്ചെൽസണിനു നല്ല ബോധ്യമുണ്ടായിരുന്നു.

ഓഫീസർമാരുടെ സെക്രട്ടറിമാർ ടൈപ്പ് ചെയ്യുന്ന കാര്യങ്ങൾ ഇൻബോക്സ്, ഔട്ട്ബോക്സ്, ഡ്രാഫ്റ്റ് എന്നിങ്ങനെ തരംതിരിച്ചു മേശപ്പുറത്തു സൂക്ഷിക്കുന്നതായി അയ്യാദുരൈ ശ്രദ്ധിച്ചു. ഇതിന്റെ ഇലക്ട്രോണിക് പതിപ്പ് അരലക്ഷം ലൈനുകളുള്ള ഇലക്ട്രോണിക് കോഡുകളാക്കി മാറ്റി.

സ്മിത്സോണിയൻ ഇൻസ്റ്റിറ്റ്യൂഷൻ നാഷണൽ മ്യൂസിയത്തിൽ അയ്യാദുരൈയ്ക്ക് യു.എസ്. ഭരണകൂടം നല്കിയ പകർപ്പവകാശ രേഖയുണ്ട്. ഇ-മെയിലിന്റെ സ്രഷ്ടാക്കളായി പിന്നീടു പലരും രംഗത്തെത്തി. അയ്യാദുരൈയെ അവർക്കാർക്കും അറിയില്ലായിരുന്നു. സ്വന്തമായി ഇ-മെയിൽ ഐഡിയുള്ളവർക്ക് അയ്യാദുരൈയെ ഓർമിക്കാം, നമുക്ക് അഭിമാനിക്കാം.

## മീനാശുപത്രി



ഏതേലും ആശുപത്രിയെപ്പറ്റിയാണ് പറഞ്ഞുവരുന്നതെന്ന് കരുതിയോ? എങ്കിൽ തെറ്റിയില്ല. ആശുപത്രിയെക്കുറിച്ചുതന്നെയാണ്. പക്ഷേ, നമ്മൾ ചെന്നാൽ പോരാ, പകരം മീനുകളെ കൊണ്ടുചെല്ലണം.

അതെ, മീനുകൾക്കായി കൊൽക്കത്തയിൽ ഒരു ആശുപത്രി വരുന്നു-വീട്ടിൽ വളർത്തുന്ന മീനുകൾക്ക് വല്ല അസുഖവും വന്നാൽ ഈ ആശുപത്രിയിൽ എത്തിച്ചാൽ മതി. അവർ ചികിത്സിച്ച് മീനുകളെ മിടുക്കരാക്കിക്കോളും!


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ -Rs.150 \| മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |




**സ്കൂൾ** വിദ്യാഭ്യാസത്തിനുശേഷം കലാലയ ജീവിതത്തിലേക്ക് പ്രവേശിക്കുമ്പോഴാണ് യുവതിയുവാക്കളുടെ തനിനിറം വെളിപ്പെടുന്നത്. പലപ്പോഴും ധാർമ്മികമായി അധഃപതിച്ച നിലയിൽ യാതൊരു നിയന്ത്രണവുമില്ലാത്ത ജീവിതത്തിലേക്ക് അവർ വഴുതി വീഴുന്നു. ദൈവഭയം ഇല്ലാത്തതാണ് ഇതിന്റെ അടിസ്ഥാന കാരണം എന്നു കാണാം.

ദൈവഭയം ഉണ്ടാകണമെങ്കിൽ ദൈവവിശ്വാസം വേണം. ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്ന കുട്ടികളിൽ പോലും ദൈവവിശ്വാസത്തിന് ഒരടിത്തറയില്ലാ എന്നതാണ് വാസ്തവം. കാരണം ചെറിയ ക്ലാസുകളിൽ പോലും ദൈവവിശ്വാസത്തിന് എതിരായ പരിണാമ സിദ്ധാന്തവും അനുബന്ധ ശാസ്ത്രനിഗമനങ്ങളുമാണ് പഠിപ്പിക്കുന്നത്. ചെറുപ്രായത്തിൽ തന്നെ കുട്ടികളുടെ മനസിൽ പരിണാമവാദങ്ങളാണ് വേരൂന്നിയിരിക്കുന്നത്. ക്രിസ്തീയ വിശ്വാസത്തിന്റെ ആധികാരികത വ്യക്തമാക്കുന്ന ശാസ്ത്ര-ചരിത്ര പഠനങ്ങളൊന്നും ക്രിസ്തീയ സഭകളിൽ നടക്കുന്നില്ല. കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയാത്ത ഒരു വിശ്വാസമായി; ദൈവം എന്നത് സങ്കല്പവും മരണാനന്തര ജീവിതം പോലുള്ള കാര്യങ്ങൾ അന്ധവിശ്വാസങ്ങളുമായാണ് ക്രിസ്ത്യാനികളായ യുവതിയുവാക്കൾ പോലും കരുതിയിരിക്കുന്നതെന്ന യാഥാർത്ഥ്യം അവരുമായി ഇടപെട്ടപ്പോഴൊക്കെ ഞങ്ങൾക്ക് ബോധ്യമായതാണ്.

വാസ്തവത്തിൽ ജീനുകളെക്കുറിച്ചുള്ള പഠനം മാത്രം മതി ദൈവവിശ്വാസത്തിൽ വേരൂന്നാൻ. ഇത്തരത്തിൽ ദൈവവിശ്വാസത്തിലേക്ക് വഴിനടത്തുന്ന, യഥാർത്ഥ ശാസ്ത്രം എന്തെന്ന് വിശദീകരിച്ചു പഠിപ്പിക്കുവാൻ വേദാദ്ധ്യാപകർ തയ്യാറാകുന്നില്ല. അഥവാ അത്തരത്തിലുള്ള പഠനം ഉള്ളവർ തുലോം വിരളമാണെന്നതാണ് സത്യം. സണ്ടേസ്കൂൾ പഠനംപോലും കേവലം കുറെ കഥകളിലും ഉപദേശങ്ങളിലും ഒതുങ്ങുന്നു. ദൈവവിശ്വാസം വളർത്തുന്ന രീതിയിലുള്ള പഠനങ്ങൾ ഇല്ലാതെ പോകുന്നതിന്റെ ഫലമായി യുവതിയുവാക്കൾ ദൈവത്തിൽ നിന്ന് അകന്നുപോകുന്നു. ഇവർ ആരാധനകളിൽ സംബന്ധിക്കുന്നവരാണെങ്കിൽ പോലും വിശ്വാസം കേവലം ബാഹ്യപ്രകടനങ്ങളിൽ ഒതുക്കി തങ്ങൾക്കു ബോധിച്ചതുപോലെ ജീവിക്കുന്നു.

ഇതിനൊരു പരിഹാരമായി യുവജനങ്ങളെ ബോധവൽക്കരിക്കാൻ ശാസ്ത്രം-ചരിത്രം-മതം-ക്രിസ്തു എന്നൊരു പുസ്തകം ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. 20000-പേർ ഇതിനകം പ്രസ്തുത പുസ്തകം വായിച്ചുകഴിഞ്ഞു. വാസ്തവത്തിലുള്ള അറിവ് നഷ്ടപ്പെടുന്നതുകൊണ്ട് അല്ലെങ്കിൽ ഇല്ലാതെ പോകുന്നതുകൊണ്ടാണ് കൗമാരക്കാർ ദൈവനിഷേധികളായി തീരുന്നതെന്ന് പ്രസ്തുത പുസ്തകത്തിലൂടെ ലഭിച്ച പ്രതികരണങ്ങളിൽ നിന്ന് ഞങ്ങൾ മനസിലാക്കുന്നു. ഇതിന്റെ തുടർച്ച എന്നവണ്ണം വേദപുസ്തകത്തിന്റെ വിശ്വാസ്യത, ആധികാരികത ബോധ്യപ്പെടുത്താൻ യഥാർത്ഥ ശാസ്ത്രസത്യങ്ങളുടെ അടിസ്ഥാനത്തിൽ ജീവോത്പ്പത്തിയുടെ ആദികാരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ശാസ്ത്രപഠന ക്ലാസ് Blueprint for Life എന്ന പേരിൽ ഞങ്ങൾ നടത്തുന്നു. മോളിക്കുലർ ബയോളജിയിലേയും ഇൻഫർമേഷൻ സയൻസിലേയും, മോഡേൺ ഫിസിക്സിലേയും ഏറ്റവും പുതിയ കണ്ടുപിടിത്തങ്ങൾ എന്താണെന്ന് അറിയാനുള്ള ഒരു സുവർണ്ണാവസരം കൂടിയാണിത്. ശാസ്ത്ര അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും, യുക്തിവാദികൾക്കും ഭൗതികവാദികൾക്കും ഏറെ പ്രയോജനപ്പെടുന്ന ഈ പഠന ക്ലാസ് ഏതെങ്കിലും സ്കൂൾ/കോളേജ്/സ്ഥാപനങ്ങളിൽ നടത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ബന്ധപ്പെടുക.

**ടൈറ്റസ് കാർത്തികപ്പള്ളി**

കേരള-690516

9847232598
9847990939

vedabhimani@gmail.com
life.track@yahoo.com



# വിശ്വാസവും വിശ്വാസ്യതയും തകർക്കുന്ന പണം

**അ**ത്താഴം കഴിഞ്ഞ സമയം, മറ്റൊന്നും ചെയ്യാനില്ലാത്തതുകൊണ്ട് ഐവാൻ ഡിമിറ്റ്റിച്ച് അന്നത്തെ ദിനപത്രം വായിക്കുവാൻ തുടങ്ങി. അയാൾ സോഫയിലിരുന്നു പത്രം വായിച്ചുകൊണ്ടിരുന്നപ്പോൾ അടുക്കളയിൽ നിന്ന് അയാളുടെ ഭാര്യ മാഷ വിളിച്ചുപറഞ്ഞു: "പത്രം നോക്കുവാൻ ഞാൻ ഇന്നു മറന്നുപോയി. നിങ്ങൾ പത്രത്തിലെ ലോട്ടറി ഫലം ഒന്നു നോക്കിക്കേ."

"എന്താണ് നിന്റെ നമ്പർ?" അയാൾ വിളിച്ചുചോദിച്ചു. അപ്പോൾ മാഷ പറഞ്ഞു: "സീരീസ് 9,499. നമ്പർ 26.

ലോട്ടറിയിൽ അല്പംപോലും വിശ്വാസമില്ലാതിരുന്ന ആളായിരുന്നു ഐവാൻ. എങ്കിലും ഭാര്യ പറഞ്ഞതുകൊണ്ട് അയാൾ ലോട്ടറി ഫലത്തിനുവേണ്ടി നോക്കി. അപ്പോൾ അയാൾക്കു തന്റെ കണ്ണുകളെ വിശ്വസിക്കാൻ സാധിച്ചില്ല. "മാഷ, 9,499 പത്രത്തിലുണ്ട്." ഐവാൻ ആവേശപൂർവം ഭാര്യയോടു വിളിച്ചുപറഞ്ഞു.

"9499 തന്നെയാണോ നിങ്ങൾ കണ്ടത്?" കൈയിലിരുന്ന മടക്കിയ മേശവിരി മേശയിൽ വച്ചിട്ട് ആ സ്ത്രീ ചോദിച്ചു. "അതേ, അതുതന്നെ." "അപ്പോൾ ടിക്കറ്റ് നമ്പറോ?" വർധിച്ച ചങ്കിടപ്പോടെ മാഷ ചോദിച്ചു.

"ടിക്കറ്റിന്റെ നമ്പരും കൊടുത്തിട്ടുണ്ട്." അയാൾ പറഞ്ഞു. "പക്ഷേ, നീ ധൃതിപിടിക്കാതെ." ഇത്രയും പറഞ്ഞിട്ട് അയാൾ ഭാര്യയെ നോക്കി പുഞ്ചിരിച്ചു. അപ്പോൾ അവളും പുഞ്ചിരിച്ചു.




''ഏതായാലും നമ്മുടെ ടിക്കറ്റിന്റെ സീരീസ് നമ്പർ പത്രത്തിൽ വന്നിട്ടുണ്ട്. അയാൾ പറഞ്ഞു: "മിക്കവാറും നമ്മുടെ നമ്പരിനായിരിക്കും സമ്മാനം."

"നിങ്ങൾ ആ നമ്പരൊന്നു നോക്കൂ." മാഷയ്ക്കു ധൃതിയായി. ഉടനെ അയാൾ പറഞ്ഞു: ''നീ അല്പസമയം കൂടി കാത്തിരിക്കൂ. നിരാശപ്പെടാനാണെങ്കിൽ നമുക്കു ധാരാളം സമയമുണ്ടല്ലോ. എന്നാൽ, നമുക്കു സമ്മാനം ലഭിച്ചു എന്നു കരുതുക. 75000 റൂബിൾ! ഈ തുക കൊണ്ടു നാം എന്തു ചെയ്യും? ഞാൻ ഉടനെ നമ്പർ നോക്കാം. നമ്മുടെ നമ്പരിനാണു സമ്മാനം എന്നു തല്ക്കാലം കരുതുക."

ഉടനെ ഐവാനും മാഷയും ചിരിക്കാൻ തുടങ്ങി. അടുത്തനിമിഷം അവർ ഇരുവരും മൗനം പൂണ്ടു. ലോട്ടറിയടിക്കാനുള്ള സാധ്യത അവരെ അമ്പരിപ്പിച്ചു.

പത്രവും കൈയിൽ പിടിച്ചുകൊണ്ട് ഐവാൻ മുറിയിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുവാൻ തുടങ്ങി. "നമ്മുടെ നമ്പറിനാണു സമ്മാനമെങ്കിൽ ആ തുകയിൽ കുറെ ചെലവാക്കി നല്ല ഒരു വീടും സ്ഥലവും വാങ്ങണം." അയാൾ തന്റെ സ്വപ്നങ്ങൾ വിവരിക്കാൻ തുടങ്ങി. "പിന്നെ, കുറെ പണം പലിശയ്ക്കുവേണ്ടി ബാങ്കിൽ നിക്ഷേപിക്കണം. ബാക്കി തുകകൊണ്ടു വിദേശയാത്ര നടത്തണം.

"എല്ലാം നല്ല ആശയങ്ങൾ തന്നെ. വിദേശയാത്രയ്ക്കു ഞാനും പോരാം. നിങ്ങൾ ആ നമ്പരൊന്നു നോക്കിക്കേ." ആകാംക്ഷ അടക്കാനാവാതെ അവൾ പറഞ്ഞു.

''നീ ധൃതി പിടിക്കാതെ.'' മുറിയിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നതിനിടയിൽ അയാൾ പറഞ്ഞു. അതിനിടയിൽ പെട്ടെന്ന് അയാളുടെ ചിന്ത പോയതു വേറെ വഴിക്കായിരുന്നു. വിദേശയാത്രയ്ക്കു മാഷ കൂടെപ്പോന്നാൽ വലിയ ശല്യമാവില്ലേ? എന്തെങ്കിലും കാര്യത്തിനു പണം ചെലവഴിക്കാൻ അവൾ സമ്മതിക്കുമോ? പണം കിട്ടുമ്പോൾ തന്നെ അവൾ അതു പെട്ടിയിൽ വച്ചു പൂട്ടില്ലേ? പിന്നെ അവളുടെ സഹോദരങ്ങളും ബന്ധുക്കളും കൈനീട്ടില്ലേ? അവർക്കു കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻപോലും പറ്റുമോ? അവർ തന്നെ മുതലെടുക്കില്ലേ?

ചിന്തയിലാണ്ട് ഒരു നിമിഷം അയാൾ നിന്നു. എന്നിട്ടു ഭാര്യയുടെ മുഖത്തേക്കു നോക്കി. അപ്പോൾ വെറുപ്പാണ് ഭാര്യയോടു തോന്നിയത്. അവൾക്കു പണത്തെക്കുറിച്ചു എന്തറിയാം. എത്രയോ വലിയ പിശുക്കിയാണവൾ. ലോട്ടറിയടിച്ചാൽ കഷ്ടിച്ചു നൂറു റൂബിൾ എനിക്കു തരുമായിരിക്കും...

ഐവാൻ ഇങ്ങനെ ചിന്തിക്കുമ്പോൾ മാഷയുടെ ചിന്താഗതിയും ഇതുതന്നെയായിരുന്നു. തന്റെ പണം പിടിച്ചുപറിച്ചെടുക്കാൻ നിൽക്കുന്ന ഒരു കശ്മലനെയാണ് അവൾ ഐവാനിൽ കണ്ടത്. "അതു മനസിൽ വെച്ചേച്ചാൽ മതി." മാഷ ഉള്ളിൽ സ്വയം പറഞ്ഞു. എന്നിട്ട് അവൾ ഐവാനെ തുറിച്ചുനോക്കി. ആ നോട്ടത്തിൽ വെറുപ്പും വിദ്വേഷവും ഐവാൻ ദർശിച്ചു.

അടുത്തനിമിഷം അയാൾ പത്രമെടുത്തു സമ്മാനം ലഭിച്ച ടിക്കറ്റിന്റെ നമ്പർ നോക്കി. അതു നാൽപത്തിയാറ് ആയിരുന്നു. മാഷയുടെ നമ്പരായ ഇരുപത്താറല്ലായിരുന്നു. അപ്പോൾ അയാൾക്ക് അതിയായ സന്തോഷം തോന്നി. ആ സന്തോഷം മറച്ചു വയ്ക്കാതെ "സീരീസ് 9,499 നമ്പർ 46" എന്ന് അയാൾ ഉറക്കെ വായിച്ചു.

അടുത്ത നിമിഷം അയാൾ നിശബ്ദനായി. അവളും ഒന്നും മിണ്ടിയില്ല. പ്രതീക്ഷ നശിച്ച അവർക്ക് ഇരുട്ടിനു കനംവച്ചിരുന്നതായി തോന്നി. ഐവാൻ മുറിയിൽ അവിടെയുമിവിടെയും നോക്കിയശേഷം പറഞ്ഞു: "ഈ മുറി നീ അടിക്കാറേയില്ലേ? പൊടിയും കടലാസ് കഷ്ണങ്ങളും മാത്രം. വെറുതെയല്ല, ഇവിടെനിന്നു ഇറങ്ങി വല്ലയിടത്തുംപോയി ആത്മഹത്യ ചെയ്യാൻ തോന്നുന്നത്?"

സുപ്രസിദ്ധ റഷ്യൻ ചെറുകഥാകൃത്തും നോവലിസ്റ്റും നാടകകർത്താവും മെഡിക്കൽ ഡോക്ടറുമായിരുന്ന ആന്റൺ ചെക്കോവിന്റെ 'ദി ലോട്ടറി ടിക്കറ്റ്' എന്ന ചെറുകഥയുടെ ചുരുക്കമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. സാധാരണ വരുമാനം കൊണ്ടു ഭംഗിയായി ജീവിച്ചിരുന്ന ദമ്പതികൾക്കു വലിയ തുക ലോട്ടറി ലഭിക്കുമെന്നു വന്നപ്പോൾ എത്രവേഗത്തിലാണ് അവർ ഇരുവരുടെയും ചിന്താഗതികൾക്കു മാറ്റം വന്നത്. പണത്തിനു മറ്റെല്ലാറ്റിനെയുംകാൾ മൂല്യം കല്പിച്ചപ്പോൾ അവരുടെ പരസ്പരബന്ധത്തിന് ഒരു വിലയുമില്ലാതെയായി. എന്നുമാത്രമല്ല, പണം ലഭിക്കുമെന്നായപ്പോൾ അവരുടെ പരസ്പരസ്നേഹവും സൗഹൃദവുമൊക്കെ അപ്രത്യക്ഷമായി. അതോടൊപ്പം അവർ പരസ്പരം വെറുക്കാൻ തുടങ്ങി.

ചെക്കോവിന്റെ ഈ കഥ വായിക്കുമ്പോൾ പണത്തിന് ഇത്രമാത്രം ശക്തിയോ എന്നു നാം സ്വയം ചോദിച്ചേക്കാം. എന്നാൽ, യാഥാർത്ഥ്യം അല്പം പോലും അകലെയല്ല എന്നതാണു വാസ്തവം. നമ്മുടെ സമൂഹത്തിലും കുടുംബങ്ങളിലുമൊക്കെ നാം കാണുന്ന ഭൂരിഭാഗം പ്രശ്നങ്ങളുടെയും കാരണം പണമല്ലേ? ചിലപ്പോൾ പണമില്ലാത്തതുകൊണ്ടാവാം പ്രശ്നം. മറ്റു ചിലപ്പോൾ പണം കൂടുതലുള്ളതാകാം പ്രശ്നത്തിനു കാരണം.

വ്യക്തിബന്ധങ്ങളിലും കുടുംബബന്ധങ്ങളിലും മാത്രമല്ല ദൈവത്തോടുള്ള ബന്ധത്തിലും ഉലച്ചിൽ സംഭവിക്കുവാൻ പണം കാരണമായി തീരുന്നുണ്ട്. ഭക്തിയും വിശ്വാസവും വിശ്വാസ്യതയും ആരാധനയുമെല്ലാം പണത്തോടുള്ള ബന്ധത്തിൽ മാറിമറിയുന്നതായി കാണാം. അതിനു കാരണം നമ്മിൽ ചിലരെങ്കിലും പ്രാധാന്യം കൊടുക്കുന്നതു പണത്തിനാണ് ദൈവസ്നേഹത്തിനല്ല, കുടുംബബന്ധങ്ങൾക്കുമല്ല എന്നതാണ്.

പണത്തിന് അതർഹിക്കുന്നതിൽ കൂടുതൽ സ്ഥാനം നമുക്കു കൊടുക്കാതിരിക്കാം. അതോടൊപ്പം, പണത്തിന്റെ ഉപയോഗം നമ്മുടെയും മറ്റുള്ളവരുടെയും നന്മയ്ക്കും ഉപരിയായി ദൈവനാമ മഹത്വത്തിനായുമാണെന്ന് നമുക്ക് ഉറപ്പുവരുത്തുകയും ചെയ്യാം.




# പ്രതികരണവും പ്രശ്ന പരിഹാരവും



നല്ല തിരക്കുള്ള ഒരു ഹോട്ടലാണ് രംഗം. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ത്രീയുടെ ദേഹത്ത് എവിടെ നിന്നോ ഒരു പാറ്റ പറന്ന് വന്നിരുന്നു. ഇതു കണ്ടതും അവർ നിലവിളിച്ചുകൊണ്ട് ചാടി എണീറ്റു. അവരുടെ കൈതട്ടി കഴിച്ചു കൊണ്ടിരുന്ന പാത്രം 'പ്ഠാങ്' എന്ന് താഴെ വീണു.

ഇതിനിടെ പാറ്റ പറന്ന് മറ്റൊരാളുടെ ദേഹത്ത് ചെന്നിരുന്നു. 'ഹയ്യേ!' എന്നു കരഞ്ഞുകൊണ്ട് ചാടി എണീറ്റതും അയാൾ 'പ്ധിം' എന്ന് തെന്നി വീണു.

അപ്പോഴേക്കും പാറ്റപറന്ന് മറ്റൊരാളുടെ ദേഹത്ത് ചെന്നിരുന്നു. അയാളും വലിയ ബഹളം വച്ചു.

ഇതെല്ലാം കണ്ടുകൊണ്ട് ഹോട്ടലിലെ വെയ്റ്റർ അങ്ങോട്ടു വന്നു. പാറ്റ അയാളുടെ ദേഹത്താണ് പിന്നെ വന്നിരുന്നത്. വെയ്റ്ററാവട്ടെ മറ്റുള്ളവരെപ്പോലെ ബഹളമൊന്നും ഉണ്ടാക്കിയില്ല. പകരം ക്ഷമയോടെ അതിനെ നോക്കിനിന്നു. പിന്നീട് പാറ്റയെ മെല്ലെ പിടിച്ച് പുറത്തേക്ക് കളയുകയും ചെയ്തു.

കണ്ടില്ലേ, പ്രശ്നങ്ങളെ ഓരോരുത്തരും നേരിടുന്ന രീതി. ഇവിടെ ഹോട്ടലിൽ നടന്ന ബഹളത്തിന് ആരാണ് ഉത്തരവാദി? പാറ്റയാണോ? അല്ല! പാറ്റ എന്ന പ്രശ്നത്തെ പരിഹരിക്കാൻ കഴിയാത്തവരുണ്ടാക്കിയ ബഹളമാണ് ഹോട്ടലിൽ നടന്നത്. പ്രശ്നങ്ങളോട് വേഗം പ്രതികരിച്ച് അതിലൂടെ മറ്റൊരു പ്രശ്നം ഉണ്ടാക്കുന്നതിലല്ല, ചിന്തിച്ച് ബുദ്ധിപൂർവ്വം പ്രശ്നത്തെ നേരിടുന്നതിലാണ് മിടുക്ക്. ഇതാണ് ഈ കഥ നൽകുന്ന പാഠം.




"ഇന്ന് എന്തായിരുന്നു ബ്രേക്ക്ഫാസ്റ്റ്?" ഈ ചോദ്യം ചോദിച്ചിട്ടില്ലാത്തവരും ഉത്തരം പറഞ്ഞിട്ടില്ലാത്തവരും വളരെ കുറവായിരിക്കും. ചോദ്യം ചോദിക്കുന്നതും ഉത്തരം പറയുന്നതുമൊക്കെ നല്ലതുതന്നെ. പക്ഷേ, ഒരു കാര്യം. രാവിലത്തെ ഭക്ഷണം അഥവാ പ്രാതൽ എന്നർത്ഥം വരുന്ന Break Fast എന്ന വാക്ക് ഉച്ചരിക്കുമ്പോൾ ഒന്നു ശ്രദ്ധിക്കണം. ഒട്ടും ബ്രേക്കില്ലാതെ ബ്രേക്ക്ഫാസ്റ്റ് എന്നു പറയാതെ ബ്രെക്ക്ഫെസ്റ്റ് എന്നു ഉച്ചരിച്ചു നോക്കൂ. അതാണ് ആ വാക്കിന്റെ ശരിയായ ഉച്ചാരണം.

## സങ്കടം തിന്നും ചങ്ങാതി!



സിപ്പ് വായയുമായി നിൽക്കുന്ന ഈ വിരുതനാണ് വറി ഈറ്റർ അഥവാ സങ്കടം തീനി! മനസ്സിനെ അലട്ടുന്ന ഏതു വിഷമവും ഇവൻ തിന്നുതീർക്കും. ഉറങ്ങാൻ പോകുംമുൻപ് വിഷമങ്ങളൊക്കെ ഒരു പേപ്പറിൽ എഴുതി ഇവന്റെ വായിൽ ഇട്ട് അടച്ചാൽ മാത്രം മതി!

ഇതിന്റെ സൂത്രം സിമ്പിളാണ്. പല പ്രശ്നങ്ങളും ഒരു കടലാസിൽ എഴുതുമ്പോഴേക്ക് താനേ അലിഞ്ഞുപോകും. ഇനി സീരിയസായ വല്ല പ്രശ്നവുമുണ്ടെങ്കിൽ മുതിർന്നവർ അത് വായിച്ചുനോക്കി പരിഹാരം കാണുകയും ചെയ്യും. ഗ്രേറ്റ് ഐഡിയ അല്ലേ?

## തീവണ്ടിയെ പേടിച്ച ഫ്രോയിഡ്!



പ്രശസ്ത മനഃശാസ്ത്രജ്ഞനായ സിഗ്മണ്ട് ഫ്രോയിഡിന് തീവണ്ടിയെ പേടിയായിരുന്നു. സിഡെറൊഡ്രൊമോഫോബിയ എന്ന മനോരോഗമായിരുന്നു അത്!

# രാമനും പാപവും



ഒരു ക്ലാസ്മുറിയാണ് രംഗം. ക്ലാസ് തുടങ്ങും മുമ്പ് അദ്ധ്യാപകൻ ഒരു ചോദ്യം ചോദിച്ചു: "എന്താണ് പാപം എന്നുവച്ചാൽ? രാമൻ പറയൂ."

ക്ലാസ്സിലെ മിടുക്കനായ രാമൻ എഴുന്നേറ്റുനിന്നിട്ട് പറഞ്ഞു: "സർ, അതിന് ഉത്തരം പറയുംമുമ്പ് ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ. തണുപ്പ് എന്ന അവസ്ഥ നിലനിൽക്കുന്നുണ്ടോ?"

"ഉണ്ട്!", അദ്ധ്യാപകൻ പറഞ്ഞു.

"സർ, അങ്ങേക്ക് തെറ്റി. തണുപ്പ് എന്നൊന്ന് ഇല്ല. പകരം ചൂട് ഇല്ലാത്ത അവസ്ഥമാത്രമേയുള്ളൂ!" രാമൻ പറഞ്ഞു.

എന്നിട്ട് മറ്റൊരു ചോദ്യം കൂടി ചോദിച്ചു.

"സർ, ഇരുട്ട് എന്ന അവസ്ഥയുണ്ടോ?"

"ഉണ്ട്!" അദ്ധ്യാപകൻ പറഞ്ഞു. അപ്പോൾ രാമൻ പറഞ്ഞു: "അങ്ങേക്ക് വീണ്ടും തെറ്റി സർ." രാമൻ തുടർന്നു: "ഇരുട്ട് എന്നൊന്നില്ല. വെളിച്ചമില്ലാത്ത അവസ്ഥയേയുള്ളൂ."

"അപ്പോൾ തണുപ്പും ഇരുട്ടും ഇല്ലെന്നാണോ?" അദ്ധ്യാപകൻ ചോദിച്ചു.

"അതെ സർ, കാരണം നമ്മൾ ഫിസിക്സിൽ പഠിക്കുന്നത് വെളിച്ചത്തേയും ചൂടിനേയും പറ്റിയാണ്. അല്ലാതെ ഇരുട്ടിനേയും തണുപ്പിനേയും കുറിച്ചല്ല." ഒന്നു നിർത്തിയിട്ട് രാമൻ തുടർന്നു: "ഇതുപോലെയാണ് സർ പാപവും. പാപം എന്ന അവസ്ഥയില്ല. പകരം സത്യം, സ്നേഹം, ദൈവവിശ്വാസം തുടങ്ങിയവ ഇല്ലാത്ത അവസ്ഥയേയുള്ളൂ!"

രാമന്റെ ഉത്തരം കേട്ട് അദ്ധ്യാപകന് സന്തോഷമായി.

ആരായിരുന്നു ആ മിടുക്കൻ കുട്ടി എന്നല്ലേ? പിൽക്കാലത്ത് ലോകപ്രശസ്ത ശാസ്ത്രജ്ഞനായി നോബേൽ ജേതാവായ സാക്ഷാൽ സി.വി.രാമൻ.

# ഗൂഗ്ൾ സെർച്ചിലെ സൂത്രപ്പണികൾ

ഗൂഗ്ൾ ഇല്ലായിരുന്നെങ്കിൽ ഇന്റർനെറ്റ് എത്ര മടുപ്പനാകുമായിരുന്നു, അല്ലേ? ഗൂഗ്ളിൽ എന്തു തെരഞ്ഞാലും അതുമായി ബന്ധപ്പെട്ട വെബ്സൈറ്റുകൾ, പ്രധാനപ്പെട്ടവ ആദ്യം എന്ന ക്രമത്തിൽ സ്ക്രീനിൽ കാണാം. ഗൂഗ്ൾ, യാഹൂ പോലുള്ള ഇത്തരം തെരച്ചിൽ വെബ്സൈറ്റുകൾ അറിയപ്പെടുന്നത് 'സെർച്ച് എഞ്ചിനുകൾ' എന്നാണ്. ഇന്റർനെറ്റിൽ പരതാനായി സെർച്ച് എഞ്ചിനിൽ നാം കൊടുക്കുന്ന വാക്കുകളാകട്ടെ, 'കീവേഡുകളും.'




നമ്മുടെ ആവശ്യവുമായി ബന്ധമില്ലാത്ത വെബ്സൈറ്റുകൾ ഒഴിവാക്കാൻ കീവേഡുകളോടൊപ്പം 'ഓപ്പറേറ്ററുകൾ' എന്നറിയപ്പെടുന്ന ചില വാക്കുകളും ചിഹ്നങ്ങളും ഉപയോഗിച്ചാൽ മതി. ഗൂഗ്ളിൽ ഇത് എങ്ങനെ ചെയ്യാം?

സെർച്ച് റിസൾട്ടിൽ ഉൾപ്പെടുത്തേണ്ടാത്ത കീവേഡുകൾ '-' (ഹൈഫൺ) ചേർത്ത് കൊടുക്കാം.

ഒരു പ്രത്യേക വെബ്സൈറ്റിൽനിന്നുള്ള ഫലങ്ങൾ മാത്രം കാണിക്കാനാണ് site: എന്ന ഓപ്പറേറ്റർ.

ഒരു സംഖ്യ മുതൽ മറ്റൊരു സംഖ്യ വരെ എന്നു കാണിക്കാൻ അവയ്ക്കിടയിൽ രണ്ടു കുത്ത് കൊടുക്കാം.

ഒരു വാക്കിന്റെ അർത്ഥമറിയാൻ വാക്കിനോടൊപ്പം meaning എന്നു ചേർത്താൽ മതി. ഒരു സ്ഥലത്തെ കാലാവസ്ഥയറിയാൻ സ്ഥലത്തോടൊപ്പം weather എന്നു ചേർക്കാം. ഇവ കൊടുത്താൽ ക്ലിക്ക് ചെയ്ത് മറ്റൊരു വെബ്സൈറ്റിൽ പോകേണ്ട, ഗൂഗ്ളിൽത്തന്നെ അർത്ഥവും കാലാവസ്ഥയുമെല്ലാം വരും!

## ബനാന എന്ന കേമൻ



ബനാന എന്ന് പേരുള്ള നേന്ത്രപ്പഴം തന്നെയാണ് വാഴപ്പഴങ്ങളിലെ കേമൻ! സൂക്രോസ്, ഫ്രക്റ്റോസ്, ഗ്ലൂക്കോസ് എന്നീ രസികൻ പേരുകളുള്ള പഞ്ചസാരകൾ നേന്ത്രപ്പഴത്തിലുണ്ട്. നാരുകളടങ്ങിയ ഭക്ഷണം ഗുണകരമാണെന്നാണല്ലോ പറച്ചിൽ. ബനാനയിലും നിറച്ചുണ്ട് ഈ നാരുകൾ!

നേന്ത്രപ്പഴം കഴിച്ചാൽ ഉത്സാഹം എപ്പോ വന്നൂന്ന് ചോദിച്ചാ മതി! എന്താ കാരണം എന്നല്ലേ? അത് അടുത്തല

ചെയർമാൻ ടി.എം. വർഗ്ഗീസ് | ഡിറക്ടർ ഏബ്രഹാം മത്തായി | മാനേജർ തോമസ് വർക്കി | ചീഫ് എഡിറ്റർ ടൈറ്റസ് കാർത്തികപ്പള്ളി | വാർഷിക വരിസംഖ്യ ഇന്ത്യ – Rs.150 | മറ്റ് രാജ്യങ്ങൾ – Rs.2000 | വരിസംഖ്യ അയക്കേണ്ട വിലാസം വേദാഭിമാനി, കേരള 690516

# പരിണാമവാദവും കോഴിമുട്ടയും



അനേകമനേകം വർഷങ്ങൾക്കുമുമ്പ് ഏകദേശം 460 കോടി കൊല്ലങ്ങൾക്കുമുമ്പ് അന്ന് മനുഷ്യനില്ല, ഭൂമിയില്ല, സസ്യങ്ങളില്ല, ഇന്ന് ചുറ്റും കാണുന്ന യാതൊന്നുമില്ലാതിരുന്ന കാലം. അന്ന് നക്ഷത്രങ്ങളുണ്ടായിരുന്നു. അവയ്ക്കിടയിൽ പറന്നുനടക്കുന്ന പടുകൂറ്റൻ പൊടിപടല മേഘങ്ങൾ അഥവാ ധൂളിപടലങ്ങൾ ഉണ്ടായിരുന്നു.

അക്കാലത്ത് ആകാശഗംഗ എന്ന നക്ഷത്ര മഹാകുടുംബത്തിന്റെ (ഗാലക്സി) വലത്തേ ചെരുവിലുള്ള സൂര്യൻ എന്ന സാധാരണക്കാരനായ നക്ഷത്രം, ഒരു പൊടിപടലമേഘത്തിനിടയിലൂടെ കടന്നുപോയി. ഈ യാത്രയ്ക്കിടയിൽ, സൂര്യന്റെ ആകർഷണശക്തിയിൽ കുറെ പൊടിപടലങ്ങൾ പരസ്പരം പറ്റിച്ചേർന്ന് ഉരുണ്ടുകൂടാൻ തുടങ്ങി. അങ്ങനെ ഉരുണ്ടുകൂടിയ പൊടിപടലങ്ങൾ കാലക്രമേണ ഗ്രഹങ്ങളും ഉപഗ്രഹങ്ങളുമായി, അവ സൂര്യനുചുറ്റും വട്ടം കറങ്ങാൻ തുടങ്ങി. അങ്ങനെ സൗരയൂഥം എന്ന ഒരു കൊച്ചു കുടുംബം രൂപംകൊണ്ടു.





സൂര്യനും, സൂര്യനെ ചുറ്റി സഞ്ചരിക്കുന്ന എട്ട് ഗ്രഹങ്ങളും (ഒമ്പത് ഗ്രഹങ്ങളിൽ പ്ലൂട്ടോയെ ഗ്രഹപ്പട്ടികയിൽനിന്നും ഒഴിവാക്കി) അനേകം ഉപഗ്രഹങ്ങളും അടങ്ങിയ ഒരു കൊച്ചു കുടുംബം. ആ കുടുംബത്തിൽ സൂര്യനിൽനിന്ന് ഏറെ അകലെയല്ലാതെ, ദൂരെനിന്ന് നോക്കുമ്പോൾ മനോഹരമായൊരു നീലപ്പന്തുപോലെ തോന്നുന്ന ഒരു സുന്ദരഗോളമുണ്ടായിരുന്നു. സൗരയൂഥകുടുംബത്തിൽ ചൊവ്വയ്ക്കും ശുക്രനുമിടയിലാണതിന്റെ സ്ഥാനം. അതാണ് ഭൂമി....

പ്രപഞ്ചോത്പത്തിയെക്കുറിച്ച് ആധുനിക ശാസ്ത്രം നൽകുന്ന വിശദീകരണമാണിത്. എന്നാൽ ഇത് യുക്തിക്കും ബുദ്ധിക്കും നിരക്കുന്നതല്ല. സ്ഥിരീകൃതവും തെളിയിക്കപ്പെട്ടതും തെളിയിക്കപ്പെടേണ്ടതുമായ ഒന്നായിരിക്കണം ശാസ്ത്രനിഗമനങ്ങൾ. എന്നാൽ മുകളിൽ പറഞ്ഞ പ്രപഞ്ചോത്പത്തി ശാസ്ത്രം വെറും ഭാവനയാണ്.

നിർജ്ജീവ കോശത്തിൽ ജീവനുളവായതായോ ജീവൻ നിലനിൽക്കത്തക്കവിധം സാഹചര്യങ്ങൾ സ്വയം അനുകൂലമായതായോ ഇതുവരെ ഒരു ശാസ്ത്രത്തിനും തെളിയിക്കാൻ കഴിഞ്ഞിട്ടില്ല.

എന്നാൽ സൃഷ്ടിവാദത്തെ സാധൂകരിക്കുന്ന (ഉല്പ. 1:11,21) വ്യക്തമായ തെളിവുകൾ ലഭ്യമാണുതാനും. അതതുതരം സസ്യങ്ങളിൽ നിന്ന് (ഉല്പ. 1:11) അതതുതരം സസ്യങ്ങളും അതതുതരം ജന്തുക്കളിൽനിന്ന് (ഉല്പ. 1:21) അതതുതരം ജന്തുക്കളും മാത്രമേ ഉണ്ടാകുന്നുള്ളൂ. അതായത് ഒരു റോസ ചെടിയിൽനിന്ന് വിവിധതരം റോസ പുഷ്പങ്ങൾ ഉണ്ടാകുമെങ്കിലും റോസയിൽ നിന്ന് ഒരിക്കലും മുല്ലപ്പൂവോ മറ്റു പൂക്കളോ പ്രതീക്ഷിക്കേണ്ടതില്ല. ഒരു ആടിൽ നിന്ന് അതിന്റെ വിവിധ വർഗ്ഗങ്ങൾ ഉല്പാദിപ്പിക്കാമെങ്കിലും ആടിൽനിന്നും പശുവിനെയോ പോത്തിനെയോ ലഭിക്കുകയില്ല. ഈ വസ്തുതയ്ക്കു മുന്നിൽ പരിണാമസിദ്ധാന്തത്തിന് നിലനിൽപ്പ് സാധ്യമല്ല.

കോഴിയാണോ മുട്ടയാണോ ആദ്യം ഉണ്ടായതെന്ന ഒരു തർക്കം നിലവിലുണ്ടായിരുന്നു. മുട്ടയാണ് ആദ്യം ഉണ്ടായതെന്ന് പരിണാമവാദികളും അല്ല കോഴിയാണെന്ന് സൃഷ്ടിവാദികളും. അവസാനം കോഴിയാണ് ആദ്യം ഉണ്ടായതെന്ന് ശാസ്ത്രത്തിന് അഗീകരിക്കേണ്ടിവന്നു.

ബ്രിട്ടനിലെ ഷെഫീൽഡ്, വാർവിക് സർവകലാശാലകളിലെ ഗവേഷകരുടെ ഏറെ നാളത്തെ സംയുക്ത ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഈ ചോദ്യത്തിനുത്തരം പുറത്തുവന്നത്. മുട്ടത്തോടുണ്ടാകണമെങ്കിൽ ഓവോക്ലെയിഡിൻ (ഒ.സി.–17) എന്ന പ്രോട്ടീൻ അത്യാവശ്യമാണെന്നു ശാസ്ത്രജ്ഞരുടെ ഗവേഷണത്തിനൊടുവിൽ കണ്ടെത്തി. ഇതു രൂപം കൊള്ളുന്നത് ഗർഭിണിയായ ഒരു കോഴിയുടെ അണ്ഡാശയത്തിനുള്ളിലാണ്. എന്നാൽ ഈ പ്രോട്ടീൻ എങ്ങനെ ഉത്പാദിപ്പിക്കപ്പെടുന്നുവെന്ന് ഇനിയും വ്യക്തമാക്കപ്പെട്ടിട്ടില്ലെന്നു ശാസ്ത്രജ്ഞർ അറിയിച്ചതായി ഡെയ്‌ലി എക്സ്പ്രസ് പത്രം പറയുന്നു.

എച്ച്.ഇ.സി.ടി.ഒ.ആർ. എന്ന അത്യാധുനിക കമ്പ്യൂട്ടറിന്റെ സഹായത്തോടെയാണു ഗവേഷകർ മുട്ടത്തോടിന്റെ തൻമാത്രഘടനയെപ്പറ്റി പഠിച്ചത്.

കോഴിയുടെ ശരീരത്തിലുള്ള കാൽസ്യം കാർബണൈറ്റിനെ കാൽ സൈറ്റ് ക്രിസ്റ്റൽ രൂപത്തിലാക്കാൻ ഒ.സി–17 പ്രോട്ടീൻ ഒരു കാറ്റലിസ്റ്റിന്റെ രൂപത്തിൽ പ്രവർത്തിക്കുന്നു. പിന്നീട് കനം വയ്ക്കുന്ന മുട്ടത്തോട് അതിനുള്ളിലെ അണ്ഡത്തെയും ചുറ്റുമുള്ള ദ്രാവകത്തെയും സംരക്ഷിക്കുന്ന കവചമായി മാറുന്നു.

മുട്ടയാണ് ആദ്യമുണ്ടായതെന്നു വളരെക്കാലമായി ലോകം വിശ്വസിച്ചുവരികയാണ്. എന്നാൽ ഇപ്പോൾ കോഴിയാണ് ആദ്യമുണ്ടായതെന്നതിന് ശാസ്ത്രീയ തെളിവുകൾ ലഭിച്ചു കഴിഞ്ഞതായി ഗവേഷകസംഘത്തിനു നേതൃത്വം നൽകിയ ഷെഫീൽഡ് സർവകലാശാലയിലെ ഡോ. കൊളിൻ ഫ്രീമാൻ പറഞ്ഞു.

പ്രോട്ടീനാണു കാരണമെന്നു തുടക്കത്തിൽത്തന്നെ കണ്ടെത്താൻ കഴിഞ്ഞുവെങ്കിലും പ്രക്രിയയെ എങ്ങനെ നിയന്ത്രിക്കുന്നുവെന്ന് ബോധ്യപ്പെടാൻ വൈകി. എന്തായാലും പുതിയ കണ്ടെത്തൽ വൻ ചലനം സൃഷ്ടിക്കുമെന്നാണു ശാസ്ത്രജ്ഞർ അവകാശപ്പെടുന്നത്. സൃഷ്ടിവാദത്തിലേക്ക് വിരൽചൂണ്ടുന്ന ഈ കണ്ടെത്തൽ പരിണാമവാദ നിഗമനങ്ങൾക്ക് വലിയ തിരിച്ചടിയാണ് നൽകിയിരിക്കുന്നത്.

ലോകം ഉണ്ടായനാൾ മുതൽ ഇന്നേവരെ സസ്യങ്ങളിൽ നിന്നും ജന്തുക്കളിൽ നിന്നും അതതുതരം (After its own kind) എന്ന ബൈബിൾ സിദ്ധാന്തത്തിന് വിപരീതമായി ഒന്നുണ്ടായതായി തെളിയിക്കാൻ കഴിഞ്ഞിട്ടില്ല; കഴിയുന്നതുമല്ല.

# അമിതാഹാരവും പിശാചിന്റെ പ്രലോഭനവും

നമ്മെ കുരുക്കാൻ ചില സാഹര്യങ്ങളെയാണ് പിശാച് ഉപയോഗിക്കുന്നത്. ഭക്ഷണകാര്യത്തിൽ മനുഷ്യർക്ക് വീഴ്ച സംഭവിക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

ആഘോഷങ്ങളും പാർട്ടികളുമില്ലാതെ ജീവിതത്തിന് എന്തു സന്തോഷമാണുള്ളത് എന്നു നാം പറയും. ഒരു കാര്യം മനസ്സിലാക്കണം. പലരും ഭോജനപ്രിയരും അമിതമായി ഭക്ഷണത്തെ സ്നേഹിക്കുന്നവരുമായിത്തീർന്നത് ഇത്തരം പാർട്ടികളിലും ആഘോഷങ്ങളിലും നിരന്തരം പങ്കെടുക്കേണ്ടിവന്നതുകൊണ്ടാണ്. ആഘോഷങ്ങളും നന്ദിപ്രകടനങ്ങളും നല്ലതാണ്. പക്ഷേ, ഭക്ഷണം കഴിക്കാനോ ആടിപ്പാടാനോ വേണ്ടി മാത്രം നടത്തുന്ന ആഘോഷങ്ങൾ നമ്മുടെ കരുത്ത് ചോർത്തിക്കളയും. ഒരു ആഘോഷം നടത്തുമ്പോൾ അത് എന്തിനുവേണ്ടി നടത്തപ്പെടുന്നുവോ അതിനുള്ള പ്രാധാന്യം ചോർന്നുപോവുകയോ, ചോർത്തിക്കളയുകയോ ചെയ്യരുത്. ഉദാഹരണം പറഞ്ഞാൽ, വിവാഹത്തിൽ പങ്കെടുത്ത് വധൂവരന്മാർക്ക് ആശംസകളർപ്പിക്കുന്നതിനെക്കാൾ പലരും ഉറ്റുനോക്കുന്നത് ഭക്ഷണമേശയിലേക്കാണ്. ഈ മനോഭാവത്തോടെ ആഘോഷങ്ങളിൽ പങ്കെടുത്താൽ നാം ഭോജനപ്രിയരായി മാറാൻ വലിയ താമസമുണ്ടാവില്ല. ആഘോഷങ്ങൾ അടിമത്തങ്ങളാക്കാൻ പിശാച് നന്നേ പണിപ്പെടുന്നുണ്ട്. നാമതിന് കൂട്ടുനിൽക്കുകയും ചെയ്യുന്നു. കാര്യമില്ലാതെ ഭക്ഷണം കഴിക്കുന്നത് നാം ഒഴിവാക്കണം. ടി.വി. കണ്ടുകൊണ്ടിരിക്കുമ്പോഴും മീറ്റിംഗുകൾക്കിടയിലും ഭക്ഷണം കഴിക്കുന്നത് നമ്മുടെ ആരോഗ്യപരിപാലനത്തിനല്ല, ആഗ്രഹപൂർത്തീകരണത്തിനാണ്.



വെറുതെ നടക്കുമ്പോൾ എന്തെങ്കിലും കഴിക്കാനുണ്ടാവുമോ എന്നു നോക്കി ഫ്രിഡ്ജ് തുറന്നു പരിശോധിക്കുന്നവർ തങ്ങൾ എന്താണ്, എന്തിനാണ് അതു ചെയ്യുന്നത് എന്നുപോലും അറിയാറില്ല. 'വെറുതെ ഒരു രസം' എന്നായിരിക്കും പലരുടെയും മറുപടി. 'ടൈം പാസ്' എന്നുകരുതി നാം അകത്താക്കുന്ന ഭക്ഷണങ്ങൾ നമ്മിൽ ദുശ്ശീലങ്ങൾ വളർത്തുകയും നമ്മെ രോഗികളാക്കുകയും ചെയ്യും. ഇടയ്ക്കൊരു ചായ കുടിക്കുകയോ സ്നാക്സ് എടുക്കുകയോ ചെയ്യുന്നത് നമ്മെ ഊർജ്ജമുള്ളവരാക്കിത്തീർത്തേക്കാം. പക്ഷേ നിരന്തരം പലഹാരങ്ങൾ കൊറിച്ചുകൊണ്ടിരിക്കുന്നതും നിയന്ത്രണാതീതമായി അതിന് അടിമപ്പെടുന്നതും നന്നല്ല. സ്വാദാണ് നമ്മെ നയിക്കുന്നത് എന്ന അവസ്ഥയിലേക്ക് തരംതാഴരുത്.

ഏതെങ്കിലും പ്രത്യേക ഭക്ഷണസാധനങ്ങളോട് അമിതമായ താൽപ്പര്യം കാണിക്കുന്നതും ഭോജനപ്രിയം തന്നെ. അമിതമായി, വലിയൊരളവിൽ കഴിപ്പിക്കാനാവാത്തതിനാൽ പിശാച് പ്രയോഗിക്കുന്ന ഒരു തന്ത്രമാണ് കൂടെക്കൂടെ കഴിപ്പിക്കുക എന്നുള്ളത്.

ഭക്ഷണങ്ങളോടുള്ള ഇഷ്ടാനിഷ്ടങ്ങളനുസരിച്ച് കഴിക്കുന്നതിനാൽ രോഗികളാകുന്നവരുണ്ട്. ശരീരത്തിന് എല്ലാത്തരം ഭക്ഷണവും ആവശ്യമാണ്. നമുക്കിഷ്ടമുള്ളതു മാത്രം കഴിച്ചാൽ ആരോഗ്യപരിപാലനമല്ല നടക്കുന്നത്. ഇഷ്ടമില്ലാത്ത ഭക്ഷണങ്ങൾ സ്ഥിരമായി ഒഴിവാക്കുന്നതിനാൽ ഹോർമോൺ വ്യതിയാനവും വിറ്റാമിൻ കുറവും പലരിലും കണ്ടുവരുന്നു. ഇഷ്ടങ്ങളനുസരിച്ചുള്ള ഭക്ഷണക്രമത്തിൽനിന്ന് ആവശ്യമനുസരിച്ചുള്ള ഭക്ഷണക്രമത്തിലേക്ക് മാറണം. അപ്പോൾ ഭക്ഷണം നമ്മെ കീഴടക്കില്ല. പിശാച് നമ്മുടെ ആഗ്രഹങ്ങളെയും താൽപ്പര്യങ്ങളെയുമാണ് കൂട്ടുപിടിക്കുന്നത് എന്നു നാം കണ്ടു. പിശാച് വിരിക്കുന്ന വലയിൽ പെടാതിരിക്കുന്നതിനും ഭോജനപ്രിയം എന്ന പാപത്തിൽ വീഴാതിരിക്കുന്നതിനും ഇഷ്ടമില്ലാത്ത ഭക്ഷണങ്ങൾ ചിലപ്പോൾ കഴിക്കുകയും ഇഷ്ടമുള്ളവ ചിലപ്പോൾ ഒഴിവാക്കുകയും വേണം.

കഴിക്കുന്ന ഭക്ഷണം നമ്മിൽ ഊർജമായി മാറുന്നത് അദ്ധ്വാനിക്കുന്നുണ്ടെങ്കിൽ മാത്രമാണ്. ഇങ്ങനെ അദ്ധ്വാനത്തിലൂടെ ഊർജമായി രൂപാന്തരപ്പെടുന്ന ഭക്ഷണമാണ് ഒരുവനെ ആരോഗ്യവാനാക്കുന്നത്. കായികാദ്ധ്വാനം അധികമുള്ള ജോലികളിൽ ഏർപ്പെടുന്നവർ ബലിഷ്ഠമായ ശരീരമുള്ളവരായിരിക്കുന്നതിനു പിന്നിലെ ഒരു കാരണമിതാണ്. അദ്ധ്വാനം എന്നാൽ ശാരീരികമോ ബൗദ്ധികമോ ക്രിയാത്മകമോ എന്തുമാകാം. ഭക്ഷണം ഊർജമായി മാറാതെ വീണ്ടും കഴിക്കുന്നത് ശരീരഭാരം കൂട്ടുന്നതിനും രോഗങ്ങളെ ക്ഷണിച്ചുവരുത്തുന്നതിനും ഇടയാക്കും.

അദ്ധ്വാനിക്കുന്നുണ്ടെങ്കിൽ മാത്രമാണ് എന്നു പറഞ്ഞപ്പോൾ ഒരു കാര്യം ഉറപ്പാണ് – അലസത നല്ല ഭക്ഷണശീലത്തിനെതിരാണ്. പിശാചിന്റെ ആയുധമാണത്. നിങ്ങൾ നല്ലവണ്ണം ഭക്ഷണം കഴിക്കുന്നവനും അതേസമയം അലസനുമാണെങ്കിൽ അതുമാത്രം മതി രോഗിയാവാൻ. അതുകൊണ്ട് എത്രയളവ് ഭക്ഷണം കഴിക്കണം എന്നതുപോലും എത്രമാത്രം അദ്ധ്വാനിക്കുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. അലസന്റെ മനസ്സ് പിശാചിന്റെ പണിപ്പുരയാണെന്നു നാം പറയുന്നു. എന്നാൽ വെറുതെ ഭക്ഷണം കഴിച്ചിരിക്കുന്ന അലസന്റെ മനസ്സും ശരീരവും പിശാചിന്റെ പണിപ്പുരയും ഗോഡൗണുമാകും.

തെറ്റായ ഭക്ഷണശീലങ്ങളും ഭക്ഷണത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും തിരുത്തിയെങ്കിൽ മാത്രമേ നമുക്ക് ഭോജനപ്രിയത്തെ കീഴടക്കാനാവൂ. പിശാചിന്റെ ആയുധങ്ങളെ നിർവീര്യമാക്കണമെങ്കിൽ കേവലം ഭക്ഷണത്തിന്റെ അളവോ, സമയമോ പരിമിതപ്പെടുത്തിയതുകൊണ്ടായില്ല. അവസരം ലഭിക്കുമ്പോൾ നമ്മിലെ ആസക്തി തലപൊക്കും. അതുകൊണ്ട് ആത്മാവിന്റെ ശക്തിയാൽ ഭോജനപ്രിയത്തിന്റെ വേരുകളെ അറുത്തുമാറ്റി തിന്മയുടെമേൽ വിജയം വരിക്കാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# ദൈവത്തെ ലഭിക്കണമെങ്കിൽ

ദൈവം അബ്രഹാമിനോട്, “നിന്റെ മകനേ, നീ സ്നേഹിക്കുന്ന, നിന്റെ ഏകജാതനായ യിസഹാക്കിനെ തന്നെ, കൂട്ടിക്കൊണ്ട് മോറിയാ ദേശത്ത് ചെന്നു അവിടെ ഞാൻ നിന്നോട് കൽപിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്ന് അരുളിച്ചെയ്തു” (ഉൽപത്തി 22:2).

ഇതുപോലെയുള്ള ഒരു കൽപന ദൈവം നൽകിയത് എന്തിനാണ്? മോറിയാ മലയിൽ സംഭവിച്ചതു നാം വായിച്ചാൽ, മനുഷ്യയാഗം ദൈവം ആഗ്രഹിച്ചിരുന്നില്ല എന്നു കാണാം. ഏറ്റവും വിലപ്പെട്ട അവകാശത്തെ ആവശ്യപ്പെട്ട് തന്നിൽ പൂർണ്ണമായ സ്നേഹവും ആശ്രയവും ഉണ്ടോ എന്നു നോക്കുവാനായിരിക്കാം ദൈവം അബ്രഹാമിനെ പരീക്ഷിച്ചത്. ദൈവം ആവശ്യപ്പെട്ടതു സാറയെയല്ല, എല്ലാ വാഗ്ദാനങ്ങളും നൽകപ്പെട്ടിരുന്നയിസഹാക്കിനെ തന്നെയാണ്. കൂടാതെ, ദൈവം ചോദിച്ചത് അബ്രഹാമിന്റെ ഹൃദയവും ഭാവിയുമാണ് – തനിക്കുള്ളതെല്ലാം അവൻ ദൈവത്തിനു നൽകണമായിരുന്നു.



അബ്രഹാം എന്താണ് ചെയ്തത്? കൽപന ലഭിച്ചയുടനെ, ആവശ്യത്തിന് വിറകും തീയും ശേഖരിച്ചു, മോറിയാ മലയിലേക്കുള്ള യാത്രയിൽ ആവശ്യമായ രണ്ട് ബാല്യക്കാരെയും കൂട്ടി, അവിടെയായിരുന്നു യാഗം കഴിക്കേണ്ടിയിരുന്നത്. മലയുടെ അടുത്ത് എത്തിയപ്പോൾ, ബാല്യക്കാരോട് അവൻ പറഞ്ഞു, “നിങ്ങൾ കഴുതയുമായി ഇവിടെ ഇരിപ്പിൻ, ഞാനും ബാലനും അവിടത്തോളം ചെന്നു ആരാധന കഴിച്ചു മടങ്ങിവരാം എന്നു പറഞ്ഞു” (ഉൽപത്തി 22:5). അബ്രഹാം ഉറച്ച വിശ്വാസത്തോടുകൂടിയാണ് ബാലനെ യാഗം കഴിപ്പാൻ പോയത്. അവനെ മരിച്ചവരിൽനിന്നുയർപ്പിച്ച് ദൈവം വാഗ്ദാനം ചെയ്തതെല്ലാം അവൻ മുഖാന്തരം നിറവേറ്റുമെന്ന് അവൻ ഉറെച്ചിരുന്നു. ആ സംഭവത്തിൽ അബ്രഹാമിനുണ്ടായിരുന്ന ആഴമേറിയ വിശ്വാസത്തെ എബ്രായലേഖകൻ വിവരിക്കുന്നത് എബ്രായർ 11:17-19 വാക്യങ്ങളിൽ നമുക്ക് കാണുവാൻ കഴിയും.

ഏതൊരു വായനക്കാരനും തിരിച്ചറിയാവുന്നതാണ് അബ്രഹാം ചെയ്ത പ്രവൃത്തിയുടെ പ്രാധാന്യം. ആദ്യം, അബ്രഹാം അവന്റെ ഹൃദയത്തെ ദൈവത്തിന് നൽകി. രണ്ടാമത്, ദൈവം അവന് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുവാൻ ദൈവത്തിന് തിരിച്ച് യാഗവസ്തുവായി യിസഹാക്കിനെ നൽകി.

ഇവിടെ മറ്റൊരു സത്യം കാണാം: അബ്രഹാം തന്റെ സന്തതിയെ ദൈവത്തിനു നൽകിയപ്പോൾ, ദൈവം അവനെ തിരിച്ചുനൽകിയത് എന്നേക്കുമായിട്ടാണ്. പിന്നീട് പുതിയനിയമത്തിൽ യേശു ദൈവത്തെ കുറിച്ച്, “അബ്രഹാമിന്റേയും, യിസഹാക്കിന്റേയും, യാക്കൊബിന്റേയും ദൈവം എന്നാണ് പറഞ്ഞത്.” ദൈവം ഉണ്ടായിരുന്നവനായിട്ടല്ല, ഉള്ളവനാണ് എന്നാണ് യേശു പറഞ്ഞത്. യേശു സംസാരിക്കുമ്പോൾ അവർ മൂന്നുപേരും നിത്യതയിൽ ഉള്ളവരായിട്ടാണ് പറഞ്ഞത് (മത്തായി 22:32).

ഓർക്കുക: നാം ദൈവത്തിനു കൊടുക്കുന്നതു മാത്രമാണ് നമുക്ക് സൂക്ഷിക്കുവാനുള്ളത്. നമ്മുടെ ജീവിതം നിലനിൽക്കുന്നത്, വീടുകളിലോ, വസ്തുക്കളിലോ, പണത്തിലോ അല്ല – ഭർത്താക്കന്മാരും, ഭാര്യമാരും, മക്കളും വിലയുള്ളവരാണെങ്കിലും, അവരിൽപോലുമല്ല. വിശ്വാസത്താൽ ദൈവത്തോടുകൂടെ നടക്കുന്നതാണ് യഥാർത്ഥ ജീവിതം. അത്തരം നടപ്പ് ദൈവത്തെ മഹത്വപ്പെടുത്തുന്നതും മറ്റു ബന്ധങ്ങളെല്ലാം അതുമായി ബന്ധപ്പെട്ടിരിക്കുന്നതുമാണ്.

ദൈവസ്നേഹം “നൽകുന്ന” സ്നേഹമാണ്. എപ്പോഴും, നൽകുവാനും, പങ്കിടുവാനും താൽപര്യപ്പെടുന്ന, നിസ്വാർത്ഥമായി സ്നേഹിക്കുന്നവനാണ് ദൈവം. തിരിച്ച് ഉദാരമായി നൽകി സ്നേഹിക്കാതെ ആർക്കും വാസ്തവത്തിൽ വിശ്വാസത്താൽ നടക്കുവാൻ സാധ്യമല്ല.

നിങ്ങൾ എപ്പോഴെങ്കിലും ഒരു ചെറിയ മരപ്പാലത്തിലൂടെ കടന്നുപോകാൻ ശ്രമിച്ചിട്ട്, നിങ്ങളെ അതു താങ്ങാകുയില്ല എന്നു വിചാരിച്ച് അതിന്മേൽ നടന്നുപോകുവാൻ മടിച്ചിട്ടുണ്ടോ? ഒരു പക്ഷെ നിങ്ങൾ അതിൽ കയറിനിന്ന് അതിന്റെ ബലം പരിശോധിച്ചു കാണും. പിന്നീട് മന്ദഗതിയിൽ മറുകര കടക്കുവാൻ ശ്രമിച്ചിരിക്കാം. ഒരിക്കൽ അതിന്റെ ബലം നിങ്ങൾക്ക് ബോധ്യമായാൽ, ഉറപ്പോടുകൂടി അതിന്മേൽ അങ്ങോട്ടുമിങ്ങോട്ടും നിങ്ങൾക്ക് സഞ്ചരിക്കുവാൻ കഴിയും. അതാണ് വാസ്തവത്തിൽ വിശ്വാസത്താൽ നടക്കുക എന്നത്. നിങ്ങൾ ദൈവവചനത്തിലെ തെളിവുകൾ സ്വീകരിക്കുകയും, ദൈവത്തിൽ നിങ്ങളുടെ ശക്തിയെല്ലാം ഇടുകയും, നിങ്ങൾ ആ സത്യത്തിൽ നിൽക്കുകയും, സത്യത്തിൽ ജീവിക്കുകയും ചെയ്യണം. അവന്റെ വചനത്തിലെ സത്യമാണ് നിങ്ങളുടെ ദൈവത്തിലേക്കുള്ള പാലം. ഊഹാപോഹങ്ങളുടേയോ, തോന്നലുകളുടേയോ അടിസ്ഥാനത്തിലുള്ളതല്ല വിശ്വാസത്താലുള്ള നടപ്പ്. അത് ദൈവവചനമെന്ന പാലത്തിന്റെ നടുവിൽകൂടെ നടക്കുന്നതാണ്.

നിങ്ങൾ ചോദിച്ചേക്കാം, “അത്തരം നടപ്പിന് എന്തെങ്കിലും പ്രതിഫലമുണ്ടോ?” ഉണ്ട്, വിശ്വസ്തമായി ജീവിച്ച മനുഷ്യന് രണ്ട് പ്രധാന പ്രതിഫലമാണുള്ളത്. അവന് അല്ലെങ്കിൽ അവൾക്ക് ദൈവത്തിന്റെ അനുഗ്രഹങ്ങൾ മാത്രമല്ല, ദൈവത്തെ തന്നെയും ലഭിക്കും. ദൈവം നമ്മുടെ വീണ്ടെടുപ്പും പ്രതിഫലവുമാണ്. ദൈവത്തിൽനിന്നുള്ള ഏറ്റവും വലിയ ദാനം ദൈവം തന്നെയാണ്. ഉൽപത്തി 15:1ൽ ദൈവം അബ്രഹാമിനോട് പറഞ്ഞു, “അബ്രാമേ ഭയപ്പെടേണ്ടാ, ഞാൻ നിന്റെ പരിചയും അതിമഹത്തായ പ്രതിഫലവുമാകുന്നു.” അബ്രഹാം ദൈവത്തോടുകൂടി നടന്നപ്പോൾ, അവന് ദൈവത്തിന്റെ അനുഗ്രഹങ്ങൾ മാത്രമല്ല, അനുഗ്രഹിക്കുന്ന ദൈവത്തെയും ലഭിച്ചു. അതേ ക്ഷണം നമുക്കുമുണ്ട്. ദൈവം പറയുന്നു, “വന്ന് എന്നോടുകൂടി നടക്കുക, ഞാൻ നിങ്ങൾക്ക് എന്റെ സാന്നിദ്ധ്യവും, എനിക്കുള്ളതും നൽകും.” നിങ്ങൾ വിശ്വാസത്താൽ നടന്നു തുടങ്ങുമോ?



# പദവിയും അനുഭവവും

‘താൻ പാതി ദൈവം പാതി’ എന്നത് ഈ ലോകത്തിന്റെ ഒരു പ്രമാണം ആണ്. നാം നമ്മുടെ ഭാഗത്ത് ചെയ്യാനുള്ളത് ചെയ്താൽ ദൈവം ബാക്കി പൂർത്തിയാക്കിക്കൊള്ളും എന്നാണ് അതിന്റെ അർത്ഥം. ഈ ലോകത്ത് കാര്യങ്ങൾ നടന്നുപോകാൻ, ആളുകൾക്ക് ഉത്സാഹം പകരാൻ, ഈ പഴമൊഴി സഹായിച്ചേക്കും. എന്നാൽ ആത്മീയകാര്യങ്ങളെ സംബന്ധിച്ച പ്രമാണം ഇതല്ല. ആത്മീയതലത്തിൽ പകുതിയല്ല, മുഴുവനും ദൈവം മാത്രമാണ്, എല്ലാം ദൈവത്തിൽ മാത്രം അധിഷ്ഠിതമാണ്. ‘സകലവും അവനിൽനിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ’ (റോമ. 11:36).

മനുഷ്യനെ സംബന്ധിച്ച് എല്ലാം ദൈവത്തിന്റെ ദാനമാണ്. എല്ലാ തരത്തിലുള്ള ജീവനും നമുക്ക് ദൈവത്തിൽനിന്നും ലഭിച്ചതാണ്. നാം ഭൂമിയിൽ പിറന്നതും ഈ ഭൗതീകമായ ജീവിതവും– അതു നമ്മുടെ പ്രയത്നഫലമല്ല ദൈവത്തിന്റെ ദാനമാണ്. നാം നമ്മുടെ ജീവിതം ദൈവത്തിൽനിന്നു സ്വീകരിക്കുക മാത്രമാണു ചെയ്തത്. നമ്മുടെ ആത്മീയജീവനോ? അതും ദൈവത്തിന്റെ ദാനമാണ് (റോമർ 6:23).

ഇതാകുന്നു വസ്തുതയെങ്കിൽ നാം ഒന്നും ചെയ്യേണ്ടതില്ലേ? നാം കൈയും കെട്ടി വെറുതെ ഇരുന്നാൽ മതിയോ? ദൈവത്തിന്റെ അതുല്യമായ ഈ രക്ഷാകരപ്രവൃത്തിയിൽ നമ്മുടെ ഭാഗം എന്താണ്?

യേശു ഈ ഭൂമിയിൽ വന്നത് നമ്മെ സംബന്ധിച്ചുള്ള രക്ഷണ്യപ്രവൃത്തിക്കായാണ്. യേശുവിന്റെ ഭൂമിയിലേക്കുള്ള വരവിന്റെ ലക്ഷ്യം പുതിയനിയമത്തിന്റെ തുടക്കത്തിൽത്തന്നെ ദൂതൻ വിവരിക്കുന്നതു ശ്രദ്ധിക്കുക: “അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നും രക്ഷിക്കും” (മത്താ.1:21). ഈ പ്രഖ്യാപനം രണ്ടു കാര്യങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഒന്ന്: കേവലം പാപത്തിന്റെ ക്ഷമയല്ല പാപത്തിൽനിന്നുള്ള സമ്പൂർണ്ണമായ രക്ഷയാണ് യേശുവിന്റെ രക്ഷാകര പ്രവൃത്തിയുടെ ആത്യന്തികലക്ഷ്യം. രണ്ട്: പാപക്ഷമ ദൈവത്തിന്റെ ദാനമായിരിക്കുന്നതുപോലെ പാപം വാഴാത്ത വിജയകരമായ ജീവിതവും ദൈവത്തിന്റെ ദാനമാണ്.

യേശുവിന്റെ രക്ഷണ്യപ്രവൃത്തിയുടെ പൂർത്തീകരണം കാൽവറിക്രൂശിലാണ് നാം കാണുന്നത്. ക്രൂശിലെ യേശുവിന്റെ പ്രഖ്യാപനം എല്ലാം നിവൃത്തിയായി എന്നതായിരുന്നല്ലോ. അർത്ഥം രക്ഷണ്യപ്രവൃത്തി സംബന്ധിച്ച് എല്ലാ കാര്യങ്ങളും പൂർത്തിയായിരിക്കുന്നു! അതിനോടു നമുക്ക് ഒന്നും കൂട്ടിച്ചേർക്കുവാൻ സാധ്യമല്ല. പാപത്തിൽനിന്നുള്ള രക്ഷ സംബന്ധിച്ചും പാപം കർത്തൃത്വം നടത്താത്ത വിജയകരമായ ജീവിതം സംബന്ധിച്ചും വേണ്ടതെല്ലാം അവിടുന്നു പൂർത്തിയാക്കിക്കഴിഞ്ഞു.

എന്നാൽ ഇതൊരു വസ്തുനിഷ്ഠമായ സത്യമാണ്. ഇതിനെ ആത്മനിഷ്ഠമായ ഒരു യാഥാർത്ഥ്യമായി നാം മാറ്റേണ്ടതുണ്ട്. വസ്തുനിഷ്ഠമായ സത്യം ഇങ്ങനെ ആയിരിക്കുമ്പോൾത്തന്നെ ഇതു നമ്മെ സംബന്ധിച്ചു യാഥാർത്ഥ്യമായിത്തീരാൻ നാം ദൈവത്തിന്റെ പ്രവൃത്തിയോടു സഹകരിക്കേണ്ടിയിരിക്കുന്നു. ഉദാഹരണത്തിനു വീണ്ടുംജനനത്തിന്റെ കാര്യം എടുക്കുക. ലോകത്തിലുള്ള എല്ലാ മനുഷ്യരുടേയും വീണ്ടെടുപ്പിനു വേണ്ടിയാണ് യേശു ക്രൂശിൽ മരിച്ചത്. പക്ഷേ ലോകത്തിലെ മുഴുവൻ മനുഷ്യരും വീണ്ടും ജനിച്ചു ദൈവമക്കളാകുന്നില്ലല്ലോ. യേശുവിന്റെ പ്രായശ്ചിത്ത ബലിയിൽ വിശ്വസിച്ച് അനുതാപത്തോടെ അത് ഏറ്റെടുക്കുന്നവർ മാത്രമാണ് വീണ്ടും ജനിക്കുന്നത്. എന്നു പറഞ്ഞതുപോലെ പാപത്തിന്റ മേൽ ജയമുള്ള വിശുദ്ധമായ ഒരു വിജയകരമായ ജീവിതം എല്ലാ വിശ്വാസികൾക്കുമുള്ള വാഗ്ദാനമാണ്. എന്നാൽ അത്തരം ഒരു ജീവിതത്തെക്കുറിച്ചു കേൾക്കുകയും വിശ്വസിക്കുകയും വാഞ്ഛിക്കുകയും അതിനായി സമർപ്പിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചു മാത്രമേ അതു യാഥാർത്ഥ്യമായിത്തീരുന്നുള്ളു.

ബൈബിളിൽ നിന്നു രണ്ടു വാക്യങ്ങൾ നോക്കാം. കൊലോ. 3:3ഉം 3:5ഉം. 3:3ൽ “നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു” എന്നു കാണുന്നു. അതേസമയം 3:5-ൽ “ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ എന്നു വായിക്കുന്നു. ഒരിടത്തു നാം മരിച്ചു എന്നും മറ്റൊരിടത്തു നാം മരിപ്പിക്കണം എന്നുമാണ് കാണുന്നത്. ഇവ തമ്മിൽ എങ്ങനെയാണ് ചേർന്നുപോകുന്നത്? ഇവ പരസ്പര വിരുദ്ധമല്ലേ? അല്ല. നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എന്നതും അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തപ്പെട്ടിരിക്കുന്നുവെന്നതും സത്യമാണ്. എന്നാൽ ഇതു നമ്മുടെ പദവിയാണ്. പക്ഷേ പദവിയനുസരിച്ചുള്ള സത്യം അങ്ങനെയായിരിക്കുമ്പോൾത്തന്നെ അതു നമ്മുടെ അനുഭവം ആയി മാറിയിട്ടില്ല. 3:5-ൽ ‘ദിനംതോറും... മരിപ്പിപ്പിൻ’ എന്നു പറയുമ്പോൾ 3:3ലെ ‘പദവി’ അനുസരിച്ചുള്ള സത്യത്തെ ‘അനുഭവ’ തലത്തിലേക്കു കൊണ്ടുവന്നു യാഥാർത്ഥ്യമാക്കുവാനാണ് ആവശ്യപ്പെടുന്നത്. ലഭിച്ചിരിക്കുന്ന പദവി അനുസരിച്ച് വിശ്വസ്തതയോടെയുള്ള നടപ്പ് ജീവിതാന്ത്യംവരെ അനിവാര്യമാണ് (ഫിലി.2:12).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു



ക്രിസ്തീയ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട അനുഭവം എന്താണ്? പാപക്ഷമയാണോ, പരിശുദ്ധാത്മ സ്നാനമാണോ, ദൈവസ്നേഹമാണോ? എന്താണെന്ന് വിശുദ്ധ പൗലോസ് അപ്പൊസ്തലൻ കൊലോസ്യർ 1:24–27 വരെയുള്ള വാക്യങ്ങളിൽ വെളിപ്പെടുത്തുന്നു. അത് പൂർവ്വ കാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞുകിടന്ന മർമ്മമെങ്കിലും ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്ക് വെളിപ്പെട്ടിരിക്കുന്നു. ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതുതന്നെ.

കർത്താവായ യേശുക്രിസ്തുവിന്റെ കല്ലറയ്ക്കൽ ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ അതിരാവിലെ എത്തിയ സ്ത്രീകളോട് ദൂതൻ പറയുകയാണ്. 'അവൻ ഇവിടെയില്ല; താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു" (മത്താ. 28:6). യേശു ഉയിർക്കാതിരിക്കാൻ യെഹൂദന്മാർ തങ്ങളാൽ കഴിവതു ചെയ്തു. പീലാത്തോസിനെ പ്രേരിപ്പിച്ച് കല്ലറ ആവോളം ഉറപ്പാക്കി. സീൽ ചെയ്തു റോമ ഗവൺമെന്റിന്റെ മുദ്രവച്ചു. അവർ പടയാളികളെ കല്ലറയ്ക്കു കാവലും നിർത്തി. എന്നാൽ യെഹൂദന്മാരുടെ കണക്കുകൂട്ടലുകളെല്ലാം തെറ്റി. യേശുക്രിസ്തു മഹത്വീകരിക്കപ്പെട്ടവനായി പുനരുത്ഥാനം ചെയ്തു. "അവൻ ഇവിടെയില്ല" എന്ന് ദൂതൻ പ്രഖ്യാപിച്ചു. പിന്നെ അവൻ എവിടെയാണ്? "മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു."



ഈ ലോകത്തിൽ അനേക മതങ്ങളുണ്ട്. അനേകം ഉപദേഷ്ടാക്കന്മാർ എഴുന്നേറ്റിട്ടുണ്ട്. എന്നാൽ ഒരു മതനേതാവും എന്നിൽ വസിക്കുന്നുവെന്ന് ആരും പറയാറില്ല. പ്ലേറ്റോ എന്നിൽ വസിക്കുന്നു എന്ന് ഒരു തത്വജ്ഞാനിയും പറയാറില്ല. എന്നാൽ ക്രിസ്തു എന്നിൽ വസിക്കുന്നു എന്ന് എണ്ണമില്ലാത്ത ക്രിസ്ത്യാനികൾ അനുഭവസാക്ഷ്യം പറയുന്നു.

ആരാധകർക്ക് തങ്ങൾ ആരാധിക്കുന്ന ദൈവത്തോടു ചേരണം എന്ന് താല്പര്യമുണ്ട്. ആ ഉദ്ദേശ്യത്തോടുകൂടെയാണ് ഉപവസിക്കുന്നത്, പ്രാർത്ഥിക്കുന്നത്, ധ്യാനിക്കുന്നത്, തീർത്ഥാടനം ചെയ്യുന്നത്, എണ്ണമില്ലാത്ത കർമ്മാദികൾ അനുഷ്ഠിക്കുന്നത്. ക്രിസ്തുവുമായി നമുക്ക് എങ്ങനെ ഐക്യപ്പെടുവാൻ കഴിയും. ദൈവാനുഗ്രഹം പ്രാപിക്കുവാൻ എന്തു മാർഗമാണുള്ളത്. അതിനുള്ള മാർഗ്ഗം പൗലൊസ് എഫേസ്യർ 3:14–17 വരെയുള്ള വാക്യങ്ങളിൽ പറയുന്നു. "ക്രിസ്തു, വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന് പ്രാർത്ഥിക്കുന്നു." അങ്ങനെയെങ്കിൽ വെളി.3:20 പ്രാധാന്യം അർഹിക്കുന്നു. "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു." അവൻ ഉള്ളിൽ വരാൻ നാം എന്തു ചെയ്യണം. വാതിൽ തുറന്നു കൊടുക്ക മാത്രം ചെയ്യുക. ക്രിസ്തു ഉള്ളിൽ വരാൻ വീട്ടിൽ പൂന്തോട്ടം വച്ചു പിടിപ്പിക്കേണ്ട. പുതിയ മെത്ത വാങ്ങിച്ച് കട്ടിലിൽ ഇടേണ്ട. വിദഗ്ദ്ധനായ പരിചാരകനെക്കൊണ്ട് ഭക്ഷണം പാകം ചെയ്യിക്കേണ്ട. നിസ്സാരമായ ഒരു പ്രവൃത്തികൊണ്ട് യേശു ഉള്ളിൽ വരും. വാതിൽ തുറന്നുകൊടുക്ക മാത്രം ചെയ്ക. നമ്മുടെ വീടിന്റെ വാതിൽക്കൽ വന്ന് ഒരാൾ മണിയടിച്ചാൽ നാം എന്താണ് ചെയ്യുക. നമുക്ക് വിശ്വാസം ഉള്ള ആളാണെങ്കിൽ വാതിൽ തുറന്നു കൊടുക്കുന്നു. യേശു ഉള്ളിൽ വരാൻ മാനസാന്തരത്തോടെയുള്ള വിശ്വാസമല്ലാതെ മറ്റു യാതൊന്നും വേണ്ട.

യേശു ഉള്ളിലില്ലാത്ത വ്യക്തി ക്രിസ്ത്യാനിയേ അല്ല. ഒരു ക്രിസ്ത്യാനിയുടെ അടയാളം എന്താണ്. "നിങ്ങൾ വിശ്വാസത്താൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ.. യേശുക്രിസ്തു നിങ്ങളിൽ ഉണ്ട് എന്ന് നിങ്ങളെത്തന്നെ അറിയുന്നില്ലയോ?" 2 കൊരി. 13:5. നിങ്ങൾ വിശ്വാസികൾ ആണെങ്കിൽ യേശുക്രിസ്തു നിങ്ങളിൽ ഉണ്ട്. നിങ്ങൾ ആരാധനയിൽ തുടർച്ചയായി സംബന്ധിക്കുന്നവരായിരിക്കാം. പ്രാർത്ഥിക്കുന്നവരും ബൈബിൾ തുടർച്ചയായി വായിക്കുന്നവരുമായിരിക്കാം. ക്രിസ്തീയ ഉപദേശങ്ങൾ അറിവുള്ളവരായിരിക്കാം. എന്നാൽ ക്രിസ്തു ഉള്ളിൽ ഇല്ലെങ്കിൽ ക്രിസ്ത്യാനി ആണെന്നു പറയാൻ നിവൃത്തിയില്ല. അതുകൊണ്ട് നമുക്ക് ചെയ്യുവാനുള്ളത് ക്രിസ്തുവിനെ ഉള്ളിൽ സ്വീകരിക്കുക എന്നുള്ളതാണ്.

കർത്താവ് ഇന്ന് ശരീരത്തോടെ ഈ ഭൂമിയിൽ ഇല്ല. അവൻ മരിച്ചു. ഉയിർത്തു. പിതാവിന്റെ സന്നിധിയിലേക്ക് കയറിപ്പോയി. പാപങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയ ശേഷം അവൻ ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരിക്കുന്നു. അവൻ സ്വർഗ്ഗത്തിൽ നിന്നു മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി ഈ ഭൂമിയിൽ വന്നവനാണ്. താൻ എന്തിനു വന്നോ അക്കാര്യം സാധിച്ചശേഷം പിതാവിന്റെ സന്നിധിയിലേക്ക് കയറിപ്പോയി. തന്റെ അരികിൽ വരുന്ന ഏതു പാപിയേയും സ്വീകരിപ്പാൻ അവനു മനസ്സുണ്ട്. അതിനായി കാത്തിരിക്കുന്നു. അവിടെ ഇരിക്കുന്നവനെ ചില ഘട്ടങ്ങളിൽ നിൽക്കുന്നവനായും കാണുന്നു. തന്റെ ദാസന്മാർ കഠിന ശോധനകളിൽക്കൂടെ കടന്നുപോകുമ്പോൾ അവൻ ഇരിക്കയല്ല, എഴുന്നേറ്റു നിൽക്കുകയാണ്. സഹായിക്കുവാനും ധൈര്യപ്പെടുത്തുവാനുമായി ഇതാ യേശു നിൽക്കുന്നു. ആ കാഴ്ച സ്തെഫാനോസിനെ ധൈര്യപ്പെടുത്തി. ഉയരത്തിൽ കയറിപ്പോയവനു നമ്മുടെ ശരീരത്തിൽ എങ്ങനെ വസിക്കാൻ കഴിയും? അതിന്റെ ഉത്തരമാണ് ആത്മാവ്. പെന്തക്കോസ്തു നാളിൽ യേശുക്രിസ്തു ആത്മാവിനെ നമ്മിലേക്ക് അയച്ചുതന്നു. ആ ആത്മാവ് നമുക്ക് പുതുജീവൻ നൽകും (റോമ. 8:10–11). ആത്മാവു നമ്മിൽ വസിക്കുന്നതുകൊണ്ടാണ് നമുക്ക് ദൈവസമാധാനവും സന്തോഷവും അനുഭവിപ്പാൻ കഴിയുന്നത്. ഗലാതൃയിലെ ക്രിസ്ത്യാനികൾ ദൈവസമാധാനവും സന്തോഷവും അനുഭവിക്കണമെന്നു മാത്രമായിരുന്നില്ല അവരിൽ ക്രിസ്തു ജനിക്കണം എന്നായിരുന്നു പൗലൊസിന്റെ താല്പര്യം. യേശുക്രിസ്തു നമ്മിൽ വസിക്കുന്നത് നാം അവനെപ്പോലെ ആയിത്തീരുന്നതിനുവേണ്ടിയാണ്. ക്രിസ്തീയ വളർച്ചയുടെ അടയാളം ക്രിസ്തുവിനെപ്പോലെ ആയിത്തീരുക എന്നുള്ളതാണ്.

നമ്മുടെ ഒരു സഹവിശ്വാസി ക്രിസ്തുവിനെപ്പോലെ ജീവിച്ചു കാണുന്നത് എത്ര സന്തോഷകരമാണ്. ക്രിസ്തു ഉള്ളിൽ വസിക്കുമ്പോൾ പ്രത്യാശ ഉണ്ടാകും. ക്രിസ്തു ഉള്ളിൽ അതാണ് മഹത്വത്തിന്റെ പ്രത്യാശ. ഈ രഹസ്യം മനസ്സിലാക്കാത്തതുകൊണ്ടാണ് നാം പലപ്പോഴും നിരാശരായിത്തീരുന്നത്. ഇരുനൂറുവർഷം മുൻപ് ജീവിച്ചിരുന്നവരെ ഈ കാലത്തിലേക്കു തിരിച്ചു കൊണ്ടുവരുന്നു എന്നു വിചാരിക്കുക. ഇന്നത്തെ ലോകം കാണുമ്പോൾ അവർ അതിശയിച്ചു പോകും. അവരുടെ കാലത്തു വിമാനം, കമ്പ്യൂട്ടർ, ടെലിവിഷൻ ഒന്നും ഇല്ലായിരുന്നു. എന്നാൽ ഇതു നമ്മെ അതിശയിപ്പിക്കുകയില്ല. കാരണം ശാസ്ത്രം ഇതൊക്കെയും കണ്ടുപിടിച്ചു എന്നു നമുക്കറിയാം. "ക്രിസ്തു നിങ്ങളിൽ" എന്നുള്ള സത്യം ഇതുപോലെ മാത്രമേ ഉള്ളൂ. നാം അത് അറിഞ്ഞു വളർന്നവരാണ്. നാം അത് അനുഭവിക്കുന്നതാണ്. അത് പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞു കിടന്ന മർമ്മം. അബ്രഹാമിനും, മോശെക്കും ഏലിയാവിനും ദാവീദിനും ഈ ആത്മീയ സത്യം അറിയില്ലായിരുന്നു. അവർക്ക് അതു മറഞ്ഞിരുന്നു. ഇത് പുതിയനിയമത്തിന്റെ പുതിയ ഉടമ്പടിയുടെ മഹിമയത്രേ.

പഴയനിയമ വിശ്വാസികൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം അവരുടെ ജീവിതത്തിൽ അറിഞ്ഞിരുന്നു. അവർ പാപക്ഷമ അനുഭവിച്ചിരുന്നു. ദൈവം നിയമം അവരുടെ ഹൃദയങ്ങളിൽ എഴുതുന്ന നാളിനെ അവർ നോക്കിപ്പാർത്തിരുന്നു. "നിങ്ങൾക്കു വരുവാനിരിക്കുന്ന കൃപയെക്കുറിച്ച് പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷയെ ആരാഞ്ഞ് അന്വേഷിച്ചിരുന്നു" (1 പത്രോ. 1:10). എന്നാൽ പുതിയനിയമം എന്താണെന്നുവച്ചാൽ യേശു മനുഷ്യന്റെ രക്ഷയ്ക്കായി എന്നേക്കുമുള്ള യാഗമായി സമർപ്പിച്ചു. അവൻ തന്റെ ജനത്തിന്റെ ഹൃദയങ്ങളിൽ വസിക്കുന്നു എന്നുള്ളതാണ്. അതാണ് സുവിശേഷത്തിന്റെ പ്രത്യേക ദൂത്.

അവൻ സ്വർഗ്ഗത്തിൽ ഇരിക്കുന്നു; അവൻ നിങ്ങളിൽ ഇരിക്കുന്നു. മാത്രമല്ല "രണ്ടോ മൂന്നോ പേർ അവിടുത്തെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും അവിടുന്ന് അവരുടെ നടുവിൽ ഉണ്ട്" (മത്താ. 18:20). യേശുക്രിസ്തുവിന്റെ ഒരു വലിയ വാഗ്ദത്തമാണിത്. എവിടെ കൂടുന്നു എന്നുള്ളതല്ല. എങ്ങനെ കൂടുന്നു എന്നുള്ളതാണ് പ്രധാനം. എന്റെ നാമത്തിൽ കൂടിവരുന്നിടത്തൊക്കെയും എന്നുള്ള വാക്ക് ശ്രദ്ധേയമാണ്. കൂടുന്ന സ്ഥലത്തിന്റെ മാഹാത്മ്യമോ വ്യക്തികളുടെ ശ്രേഷ്ഠതയോ കൂടുന്നവരുടെ എണ്ണമോ പ്രസക്തമല്ല. എവിടെ കൂടിയാലും അവൻ വരും. അവൻ ഉണ്ടായിരിക്കുന്ന കൂടിവരവുകൾ എത്ര അനുഗ്രഹിക്കപ്പെട്ടതാണ്. സമാധാനവും സന്തോഷവും സംതൃപ്തിയും അവിടെ ഉണ്ടായിരിക്കും. നമ്മുടെ കൂടിവരവുകളുടെ മാഹാത്മ്യം കർത്താവ് ഉണ്ടെന്നുള്ളതുതന്നെ.

"ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്" (മത്താ. 28:20). ഈ ലോകത്തിൽ ആരും എന്നും നമ്മോടുകൂടെ ഉണ്ടായിരിക്കുകയില്ല. ഇന്നുള്ളവരെ നാളെ കാണുന്നില്ല. വാക്കുമാറ്റവും കാലുമാറ്റവുമുള്ള ലോകത്തിൽ ആരും എന്നും കൂടെ കാണുകയില്ല. നിനച്ചിരിക്കാത്ത സമയത്ത് മരണം പലരേയും മാറ്റിക്കളയും. എങ്കിലും നമുക്ക് ആശ്വാസത്തിനു വകയുണ്ട്. "ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെയുണ്ട്" എന്നു വാഗ്ദത്തം ചെയ്ത ഒരുവൻ ഉണ്ട്. അതു നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നെയാണ്, അവൻ വിശ്വസ്തൻ, മാറാത്ത സഖി, നല്ല ആലോചനക്കാരൻ, നല്ല വഴികാട്ടി, ആശ്വാസദായകൻ എന്നും അവൻ കൂടെയുണ്ട്. പൂർവ്വകാലങ്ങളിൽ മറഞ്ഞിരുന്നെങ്കിലും ഇപ്പോൾ തന്റെ വിശുദ്ധന്മാർക്ക് വെളിപ്പെട്ടിരിക്കുന്ന ഒരു രഹസ്യമത്രേ അത്, "ക്രിസ്തു". നിങ്ങളിൽ വസിക്കുന്നു. അവിടുന്ന് നമ്മുടെ കൂടിവരവുകളിൽ ഉണ്ട്. എല്ലായ്പ്പോഴും നമ്മോടു കൂടെയുണ്ട്. അവിടുന്ന് നിങ്ങളിൽ ഇരിക്കുന്നു എന്തിന്? നമ്മെ അവനെപ്പോലെ ആക്കിത്തീർക്കാൻ. അതിനു തക്കവണ്ണം നാം നമ്മെ യേശുവിന്റെ കരങ്ങളിൽ ഏൽപ്പിച്ചു കൊടുത്തിട്ടുണ്ടോ?

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി



***ബൈബിൾ മറ്റു മതഗ്രന്ഥങ്ങളെക്കാൾ ശ്രേഷ്ഠമാണെന്ന് താങ്കൾകരുതാനുള്ള കാരണമെന്താണ്? പുറത്ത് പുസ്തകവും (വേദപുസ്തകം) അകത്ത് നിയമവും (പഴയ-പുതിയ നിയമങ്ങൾ) എന്നാൽ പിന്നെ നിയമപുസ്തകം എന്നു കൊടുത്താൽ പോരെ? പഴയനിയമത്തിന് ഇപ്പോൾ പ്രസക്തിയില്ലെങ്കിൽ പുതിയനിയമത്തിന്റെ കൂടെ എന്തിനാണ് അത് ഉൾക്കൊള്ളിച്ചിരിക്കുന്നത്?***

***വയലശശികുമാർ, പുത്തൻകാവ്, അങ്ങാടിയ്ക്കൽ, ചെങ്ങന്നൂർ***

**ദൈ**വത്തെ അറിയുവാനും ദൈവസംസർഗ്ഗം പുലർത്തുവാനുമുള്ള ആഗ്രഹം മനുഷ്യന്റെ ആരംഭം മുതലേ ഉള്ളതാണ്. മാനവസമുദായത്തിന്റെ ശൈശവകാലത്തുണ്ടായിരുന്ന ഈശ്വരജ്ഞാനം തുലോം പരിമിതമായിരുന്നു. അദൃശ്യനായ ദൈവത്തെ മനുഷ്യന്റെ അപൂർണ്ണമായ ചിന്തയിൽ ഉൾക്കൊള്ളുന്നതിന് പരിമിതികളുണ്ടായിരുന്നു. അതുകൊണ്ട് ദൈവം മനുഷ്യനു സ്വയം വെളിപ്പെടുത്തിക്കൊടുക്കേണ്ടതായി വന്നു. ഈ വെളിപാട് ക്രമാനുഗതമായിരുന്നു. മനുഷ്യന്റെ സ്വീകരണപ്രാപ്തിക്കൊത്തവണ്ണം അനുയോജ്യമായ വിധത്തിൽ വെളിപ്പെടുത്തുകയായിരുന്നു. "പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു" (എബ്രാ. 1:1). കാലാകാലങ്ങളിൽ പ്രവാചകന്മാരിൽക്കൂടിയും മറ്റു ദൈവികമനുഷ്യരിൽ കൂടിയും ദൈവത്തിന്റെ വെളിപാടുണ്ടായിട്ട് കാലത്തികവിൽ അവതാരം ചെയ്ത ദൈവപുത്രനിൽകൂടി പൂർണ്ണമായ വെളിപാട് ഉണ്ടാവുകയായിരുന്നു. ഈ ദിവ്യവെളിപാടിന്റെ ചരിത്രമാണ് വിശുദ്ധ വേദപുസ്തകത്തിൽ നാം കാണുന്നത് (The Bible is a history of the progressive revelation of God).

രണ്ടാമതായി, വേദപുസ്തകം അത്യുന്നതമായ ഒരു ധാർമ്മികസംഹിത നൽകുന്നു എന്നുള്ളതാണ്. ദൈവപരിജ്ഞാനത്തിനുള്ള ആകാംക്ഷയെപ്പോലെ തന്നെ മനുഷ്യന് അവന്റെ ജീവിതചര്യയെ ക്രമീകരിക്കുന്നതിനായി ചില നിയമങ്ങൾ വേണമെന്നുള്ള ചിന്തയും സാർവത്രികമാണ്. എല്ലാ മതങ്ങളിലും സമൂഹങ്ങളിലും അപ്രകാരമുള്ള നിയമസംഹിത കാണുന്നുമുണ്ട്. വിശുദ്ധ വേദപുസ്തകത്തിൽ മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന പ്രമാണങ്ങളും നിയമങ്ങളും കാണാം. പഴയനിയമത്തിലെ പ്രമാണങ്ങൾ അന്നത്തെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ പശ്ചാത്തലത്തിൽ നൽകപ്പെട്ടവയാണ്. എന്നാൽ ക്രിസ്തുവിൽക്കൂടി ധാർമ്മികതയുടെ അത്യുന്നതമായ ചിത്രം ലഭ്യമായി. അതാണ് ക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിൽ പ്രകടമാക്കിയിട്ടുള്ളത്. ലിയോ ടോൾസ്റ്റോയി, മഹാത്മാഗാന്ധി തുടങ്ങി അനേകരെ ആകർഷിച്ചതും സ്വാധീനിച്ചതും ക്രിസ്തുവിന്റെ ഗിരിപ്രഭാഷണമാണ്.




ഒരു വ്യക്തിയെ വിശുദ്ധിയുടെ ഔന്നത്യത്തിലേക്കുയർത്തുവാനും പാപിയായ ഒരുവനെ മാനസാന്തരത്തിലേക്കും ധനികനെ ദാനശീലനും സ്വാർത്ഥനെ ത്യാഗശീലനും ആക്കുവാനും ഇതിന്റെ സന്ദേശം പര്യാപ്തമാണ്. ഏതു രീതിയിലും ഏതവസ്ഥയിലും കഴിയുന്നവർക്ക് നന്മയുടെ പ്രകാശം കണ്ടെത്തുവാൻ കഴിയുന്ന ദീപസ്തംഭമാണ് വിശുദ്ധവേദപുസ്തകം. ഇതു വായിച്ച് രൂപാന്തരം പ്രാപിച്ചിട്ടുള്ള ജീവിതങ്ങൾ ചരിത്രത്തിൽ ഒട്ടുവളരെയാണ്. പാപപങ്കിലമായ ജീവിതത്തിൽനിന്ന് പരിശുദ്ധിയുടെ സോപാനത്തിലേക്ക് അനേകായിരങ്ങൾ ആനയിക്കപ്പെട്ടത് റോമ. 13:12 വായിച്ചപ്പോഴാണ്. "ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞ് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക. പകൽസമയത്ത് എന്നപോലെ മര്യാദയായി നടക്കുക; വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല; കർത്താവായ യേശുക്രിസ്തുവിനെത്തന്നെ ധരിച്ചുകൊൾക." ഇതുപോലെ ഈ വിശുദ്ധ ഗ്രന്ഥം വായിച്ച് രൂപാന്തരം പ്രാപിച്ചവരും, ആത്മീകമായ ആശ്വാസവും പ്രചോദനും നേടിയവരും അനേകരാണ്.

ജീവിതത്തിന്റെ തീവ്രമായ പോരാട്ടത്തിൽ പൊലിഞ്ഞുപോകാതെ ഉറച്ചുനിന്നവരും മൂല്യങ്ങളെ മുറുകെ പിടിച്ചവരുമായ കഥാപുരുഷന്മാർ ഈ ഗ്രന്ഥത്തിന്റെ താളുകളിൽ അനവധിയായി പ്രത്യക്ഷപ്പെടുന്നു. അവരെപ്പറ്റി വായിക്കുമ്പോൾ ആവേശമുണരുന്നു; പ്രചോദനം ലഭിക്കുന്നു. പാപത്തിൽ വീണുപോയി എങ്കിലും അനുതാപത്തിൽ കൂടി യഥാസ്ഥാനത്താക്കപ്പെടുന്നവർ നൽകുന്ന പ്രചോദനവും വലുതാണ്. ഇങ്ങനെ ജീവിതത്തിന്റെ ഏതനുഭവത്തിലും അവസ്ഥയിലും കഴിയുന്നവർക്ക് ഉത്തേജനവും ആത്മീകപ്രബുദ്ധതയും നൽകുന്നതാണ് വിശുദ്ധ ഗ്രന്ഥം.

ദാവീദ് എഴുതി: "നിന്റെ ന്യായപ്രമാണത്തോട് പ്രിയമുള്ളവർക്ക് മഹാസമാധാനം ഉണ്ട്" (സങ്കീ. 119:165). റഷ്യയിലെ കോൺസെൻട്രേഷൻ ക്യാമ്പിൽ നരക യാതന അനുഭവിച്ച ഒരാൾ എഴുതി: "മരുഭൂമിയിലെ ശബ്ദംപോലെ സംസാരിക്കുവാൻ വിശുദ്ധ വേദപുസ്തകം എന്റെ കൂടെ ഇല്ലായിരുന്നുവെങ്കിൽ ഞാൻ ഒരു ഭ്രാന്തനായിത്തീരുമായിരുന്നു." എത്യോപ്യൻ ചക്രവർത്തി ഹെയിലി സെലാസി എഴുതി: "ബാല്യകാലം മുതൽക്കേ ഞാൻ വേദപുസ്തകത്തെ ആദരിച്ചാസ്വദിക്കാൻ പരിശീലിച്ചിരുന്നു. കാലം കഴിയുന്തോറും വേദപുസ്തകത്തോടുള്ള എന്റെ സ്നേഹം വർദ്ധിക്കുക മാത്രം ചെയ്യുന്നു. എനിക്കു നേരിട്ടിട്ടുള്ള കഷ്ടതകളിലെല്ലാം അപാരമായ ആശ്വാസം നൽകുന്ന ഒന്നായിട്ടാണ് അത് എനിക്കനുഭവപ്പെട്ടിട്ടുള്ളത്..."

രണ്ട് കാര്യങ്ങളാണ് വിശുദ്ധ ഗ്രന്ഥത്തെപ്പറ്റി നാം മനസ്സിലാക്കിയത്. ഒന്ന്, ദൈവത്തിന്റെ ക്രമാനുഗതമായ വെളിപാടിന്റെ ചരിത്രം അതു വെളിപ്പെടുത്തുന്നു. രണ്ട്, മനുഷ്യജീവിതത്തെ ധന്യമാക്കുവാൻ സഹായിക്കുന്ന ഉത്തമമായ ധാർമ്മിക സംഹിത അതിലുണ്ട്. മാത്രമല്ല, ഏതൊരാൾക്കും പ്രചോദനം പകരുന്ന സന്ദേശവും ദൃഷ്ടാന്തജീവിതങ്ങളും അതിൽ അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു.

ഒരു ഗ്രന്ഥമായി അറിയപ്പെട്ടിരുന്നെങ്കിലും അതിന്റെ ഉള്ളടക്കം വെളിപ്പെടുത്തുന്നത് അനവധി പുസ്തകങ്ങളുടെ ഒരു സമുച്ചയം എന്നാണ്. ഏതാണ്ട് പതിനാറു നൂറ്റാണ്ടുകൾകൊണ്ട് രചിക്കപ്പെട്ടവയാണ് ഇതിലെ പുസ്തകങ്ങൾ. നാല്പതിൽ അധികം ഗ്രന്ഥകാരന്മാർ ഇതിന്റെ രചനയിൽ പങ്കുവഹിച്ചിട്ടുണ്ട്. അവർ ജീവിതത്തിന്റെ വിവിധ തുറകളിൽപ്പെട്ടവരാണ്. പുരോഹിതന്മാർ, രാജാക്കന്മാർ, രാജ്യതന്ത്രജ്ഞർ, ആട്ടിടയർ, പ്രവാചന്മാർ, മീൻപിടുത്തക്കാർ, ഭിഷഗ്വരന്മാർ തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലകളിലും പെട്ടവരുണ്ട്.

കൃതികളുടെ വൈവിധ്യമാണ് മറ്റൊരു സവിശേഷത. സാഹിത്യത്തിന്റെ വിവിധശാഖകളിൽപ്പെട്ട കൃതികൾ ഇതിലുണ്ട്. ചരിത്രം, ജീവചരിത്രം, കവിത, ജ്ഞാനോക്തികൾ, നിയമം, തത്വചിന്ത, ലേഖനം, പ്രബന്ധം, ദർശനം, പ്രബോധനം എന്നീ വിവിധ ഇനങ്ങൾ കാണാം. ഈ കൃതികൾ രചിക്കപ്പെട്ട സ്ഥലങ്ങളും വൈവിധ്യമാർന്നതാണ്. നൈൽനദിയുടെ തീരപ്രദേശം, അറേബ്യൻ മണലാരണ്യം, പലസ്തീൻ, ഏഷ്യമൈനർ, പൗരാണികനഗരങ്ങളായ ആഥൻസ്, എഫേസൂസ്, റോം, അന്ത്യോക്യ തുടങ്ങിയവയും ഇതിലെ കൃതികളുടെ രചനയിൽ സാക്ഷ്യം വഹിച്ചിട്ടുണ്ട്.

ഉള്ളടക്കത്തിന്റെ വൈവിധ്യംപോലെ നമ്മെ ആശ്ചര്യപ്പെടുത്തുന്നതാണ് ഉള്ളടക്കത്തിന്റെ വൈപുല്യം. പ്രപഞ്ചോല്പത്തിയിൽ തുടങ്ങി യുഗാന്ത്യംവരെ അഥവാ സൃഷ്ടി മുതൽ പുതിയ സൃഷ്ടിവരെയുള്ള സമസ്ത സംഭവങ്ങളും വിഷയങ്ങളും ഇതിൽ പ്രതിപാദിക്കുന്നു. മനുഷ്യന്റെ സൃഷ്ടി, വീഴ്ച, വീണ്ടെടുപ്പിനായുള്ള സുദീർഘമായ ഒരുക്കം, കാലത്തികവിൽ രക്ഷകനായ ക്രിസ്തുവിന്റെ ആഗമനവും രക്ഷണ്യപ്രവർത്തിയും പ്രതിപാദിക്കുന്നതു കൂടാതെ സഭയുടെ ദൗത്യവും യുഗാന്ത്യസംഭവങ്ങളുംവരെ കൈകാര്യം ചെയ്യുന്നു. പല വ്യക്തികളാൽ പല കാലങ്ങളിൽ പല സാഹചര്യങ്ങളിൽ എഴുതപ്പെട്ടവയാണ് ഇതിലെ കൃതികൾ എങ്കിലും അവ തമ്മിൽ ഒരു ബന്ധവും അവയിൽ ഒരു കേന്ദ്രപ്രമേയവും ദൃശ്യമാണ്. ആ പ്രമേയം ദൈവത്തിന്റെ പ്രവർത്തനവും മനുഷ്യന്റെ പ്രതികരണവും എന്നുള്ളതത്രേ. പരസ്പരം ബന്ധമില്ലാത്ത എന്നാൽ തികച്ചും ഭിന്നങ്ങളായ രണ്ടു ഭാഷകളിലാണ് ഇത് രചിക്കപ്പെട്ടത്. പഴയനിയമം എബ്രായ ഭാഷയിലും പുതിയനിയമം ഗ്രീക്കുഭാഷയിലുമാണ്. പരിശുദ്ധാത്മനിശ്വാസത്താൽ എഴുത്തുകാർ തങ്ങളുടെ ദൗത്യം നിർവഹിച്ചതുകൊണ്ട് അത്ഭുതകരമായ ഐക്യവും പൊരുത്തവും ബന്ധവും പുസ്തകങ്ങളിൽ ദൃശ്യമാകുന്നു.

പ്രധാനമായി രണ്ടു ഭാഗങ്ങളാണ് വേദപുസ്തകത്തിനുള്ളത്. അവ, പഴയനിയമം എന്നും പുതിയനിയമം എന്നുമറിയപ്പെടുന്നു. യഹൂദന്മാർ അവരുടെ തിരുവെഴുത്തുകളായി സ്വീകരിച്ചിരുന്നവയും ക്രിസ്തീയസഭ അവരിൽനിന്നു ഏറ്റെടുത്തതുമായ പുസ്തകസഞ്ചയമാണ് പഴയനിയമം. പുതിയനിയമമാകട്ടെ അപ്പോസ്തോലികകാലത്ത് എഴുതപ്പെട്ടവയും, പിൽക്കാലത്ത് സഭയാൽ തിരുവെഴുത്തുകളായി ക്രോഡീകരിച്ച് ചേർക്കപ്പെട്ടതുമാണ്.

'നിയമം' എന്ന പദം അല്പം ആശയക്കുഴപ്പം വരുത്തുന്നതാണ്. "ബെറീത്ത്" എന്ന എബ്രായപദത്തിന് ഉടമ്പടി, ഉഭയസമ്മതം എന്നാണർത്ഥം (അതിനു തുല്യമായ ഗ്രീക്കുപദം 'ഡയാത്തീക്കി' എന്നാണ്.) അതിന്റെ ലത്തീൻ പരിഭാഷ "ടെസ്റ്റമെന്റം" എന്നാണ്. അതിൽനിന്ന് ഇംഗ്ലീഷിലെ "ടെസ്റ്റമെന്റ്" എന്ന പദമുണ്ടായി. അതിന്റെ ഭാഷാന്തരമായി "നിയമവും" കടന്നുവന്നു. എന്നാൽ പഴയതും പുതിയതുമായ ഉടമ്പടികൾ എന്ന അർത്ഥത്തിലാണ് നാം മനസ്സിലാക്കേണ്ടത്. യഹോവ സീനായ്മലയിൽവച്ച് യിസ്രായേലുമായി ഉടമ്പടി ചെയ്തു (പുറ.24:8). അതിനു സമാന്തരമായി യേശുക്രിസ്തു കാൽവറിമലയിൽവച്ച് സഭയുമായി പുതിയ ഉടമ്പടി ചെയ്തു (മർക്കോ. 14:24). പഴയനിയമത്തിൽത്തന്നെ ഭാവിയിൽ ക്രിസ്തുമൂലം ചെയ്യുവാനുള്ള പുതിയ ഉടമ്പടിയെപ്പറ്റി പരാമർശമുണ്ട്. "ഞാൻ യിസ്രായേൽഗൃഹത്തോടും യഹൂദാഗൃഹത്തോടും പുതിയൊരു നിയമം ചെയ്യുന്ന കാലം വരും" (യിരെ.31:31). പൗലോസ് വ്യക്തമാക്കുന്നു. "ദൈവം ഞങ്ങളെ, പുതിയ ഉടമ്പടിയുടെ ശുശ്രൂഷകന്മാർ ആകുവാൻ പ്രാപ്തരാക്കി" (2 കൊരി. 3:6).

പഴയനിയമവും പുതിയനിയമവും തമ്മിൽ പലതിലും വ്യത്യാസങ്ങൾ ഉണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല. എന്നാൽ അവ തമ്മിലുള്ള പൊരുത്തവും ഐക്യവുമാണ് നമ്മെ കൂടുതൽ ആകർഷിക്കുന്നത്. അവ ഒരു പുസ്തകത്തിന്റെ രണ്ട് ഭാഗങ്ങൾ മാത്രമെന്ന ധാരണ നമുക്കു ലഭിക്കുന്നു.

"പുതിയനിയമം പഴയനിയമത്തിൽ മറഞ്ഞുകിടക്കുന്നു; പഴയതു പ്രകാശിതമാകുന്നത് പുതിയനിയമത്തിലും." രണ്ടും തമ്മിലുള്ള ബന്ധം ഈ വാക്യം വ്യക്തമാക്കുന്നു. പുതിയനിയമപഠനം ശരിയായി നടത്തണമെങ്കിൽ പഴയനിയമത്തെപ്പറ്റിയുള്ള പരിജ്ഞാനം അപരിത്യാജ്യമാണ്.പഴയനിയമസംഭവങ്ങളും ഉപദേശങ്ങളും പൂർത്തീകരിക്കപ്പെടുന്നത് പുതിയനിയമത്തിലാണ്.



www.vedabhimani.com

# VEDABHIMANI

*Annual Subscription Rs. 150/-*

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

*Published on 1st November 2014*
*Posted on 15th November 2014*
*Posted at R.M.S. Kayamkulam*




## അപ്രമാദിത്യവും സ്ഥിരോത്സാഹവും

**ഓ**ട്ടമത്സരത്തിൽ മുയലിനെ ആമ മറികടന്നത് ഗുണപാഠകഥയിൽ മാത്രമാണ്. ജമൈക്കൻ സ്പ്രിന്റർ ഉസൈൻ ബോൾട്ടിനെ കീഴടക്കാൻ പരിശീലനത്തിന്റെ പഞ്ചതന്ത്രങ്ങളെല്ലാം പയറ്റിയിട്ടും എതിരാളികൾക്കു കഴിയാത്തതു കഥയിൽ നിന്നു കൺമുന്നിലേക്കു മത്സരവേദി മാറിയതുകൊണ്ടാകാം.

ട്രാക്കിൽ വിജയം സ്വന്തമാക്കാൻവേണ്ടി മാത്രം ഈ ഭൂമുഖത്ത് അവതരിച്ചൊരു അസാമാന്യ മനുഷ്യനാണ് താനെന്ന് ഓരോ മത്സരശേഷവും ബോൾട്ട് ലോകത്തെ ഓർമപ്പെടുത്തുകയാണ്. ജമൈക്കയിലെ ട്രെലവ്നിയിലുള്ള ചെറു പട്ടണമായ ഷെർവുഡ് കണ്ടെന്റിൽ 1986 ആഗസ്റ്റ് 21-ന് വെല്ലസ്ലി ബോൾട്ടിന്റെയും ജെന്നിഫറിന്റെയും പുത്രനായാണ് ഉസൈൻ ജനിച്ചത്. ജമൈക്കയിലെ എല്ലാ കുട്ടികളെയും പോലെ ചെറുപ്രായത്തിൽ ബോൾട്ടും ക്രിക്കറ്റ് കളിക്കളത്തിലാണു ബാല്യം ചെലവഴിച്ചത്. ഉയരക്കൂടുതലുള്ളതിനാൽ ഫാസ്റ്റ് ബോളറാകാനായിരുന്നു സ്വപ്നം. ഒരിക്കൽ സ്കൂൾ ഗ്രൗണ്ടിലെ കൊച്ചു ബോൾട്ടിന്റെ ഓട്ടം നേരിൽകണ്ട ഒളിംപ്യൻ പാബ്ലോ മക്നീൽ ആണ് ബോൾട്ടിലെ അത്‌ലറ്റിനെ തിരിച്ചറിയുന്നത്. അങ്ങനെ ക്രിക്കറ്റ് മൈതാനത്തുനിന്നും നിർബന്ധപൂർവ്വം ട്രാക്കിലേക്കു പറിച്ചുനട്ട ബോൾട്ട് 12-ാം വയസിൽ സ്കൂളിലെ അതിവേഗക്കാരനായി.

മൂന്നുവർഷം കഴിയുമ്പോഴേക്കും ലോക ജൂനിയർ ചാംപ്യൻഷിപ്പിൽ 200 മീറ്ററിൽ സ്വർണം. ഒടുവിൽ ഗ്ലാസ്കോയിലെത്തുമ്പോൾ എതിരാളികൾ ഇല്ലാത്തതിനാൽ ബോൾട്ട് വിഷമിക്കുകയാണ്.

ആറടി അഞ്ച് ഇഞ്ച് ഉയരവും 94 കിലോ ഭാരവുമുള്ള ബോൾട്ടിന് ഓട്ടത്തിൽ ഏറ്റവും ഗുണമാകുന്നത് ആ പൊക്കം തന്നെയെന്ന് വിദഗ്ധർ പറയുന്നു. നീണ്ട കാലുകളും കൈകളുമുള്ള ഈ താരം ഓടുമ്പോൾ ശരീരസന്തുലനം കൃത്യമാണ്. എതിരാളികളെക്കാൾ ബോൾട്ടിനെ മുന്നിലെത്തിക്കുന്നത് ഈ ശരീരഘടന തന്നെയാണ്. ചെറിയ കുതിപ്പുകളോടെ ട്രാക്കിൽ തുടങ്ങുന്ന ബോൾട്ട് സാവധാനം വേഗം കൂട്ടുന്നു. കാൽപാദങ്ങൾ തമ്മിലുള്ള ദൂരവും കൂടുന്നു. ഇതുവഴി എതിരാളിയെക്കാൾ വേഗത്തിൽ ദൂരം പിന്നിടാൻ ബോൾട്ടിനാകുന്നുവെന്നാണു വിദഗ്ധരുടെ വിലയിരുത്തൽ. പരിശീലനത്തോടൊപ്പം കൃത്യമായ ഭക്ഷണക്രമവും പാലിച്ചാണു ബോൾട്ട് മികവു കാത്തുസൂക്ഷിക്കുന്നത്. ദിവസം മൂന്നു മണിക്കൂർ പരിശീലനം, ആവശ്യത്തിനു വിശ്രമം... അങ്ങനെ പോകുന്നു ഈ അതിവേഗക്കാരന്റെ ദിനങ്ങൾ...

ഓടാനുള്ള മുയലിന്റെ അപ്രമാദിത്യവും ആമയുടെ സ്ഥിരോത്സാഹവും ഒരുപോലെ പഞ്ചതന്ത്രം കഥ വെളിവാക്കുന്നുണ്ട്. അങ്ങനെ നോക്കിയാൽ ഓട്ടത്തിലുള്ള അപ്രമാദിത്യവും സ്ഥിരോത്സാഹവും ഒരുപോലെ ചേരുമ്പോഴുള്ള അത്ഭുതവിജയങ്ങളാണ് ബോൾട്ടിന്റെ ഷോക്കേസുകളെ സ്വർണത്തിന്റെ നിലവറകളാക്കി മാറ്റുന്നതെന്ന് കണ്ടെത്താം.

ക്രിസ്തുവിലൂടെ ലഭിച്ച അപ്രമാദിത്യം നിലനിർത്തി പരിശുദ്ധാത്മാവിനാൽ ലഭിക്കുന്ന വളർച്ചയും സ്ഥിരോത്സാഹവും അനുദിന ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നെങ്കിൽ മാത്രമേ നാം അത്ഭുതവിജയത്തിന് ഉടമകളാകൂ. അഥവാ വിരുതു പ്രാപിക്കൂ.

## നിത്യജീവനും ഭൗതിക നേട്ടങ്ങളും

**ഒ**രിടത്ത് ഒരു സമർഥനായ നായ് ഉണ്ടായിരുന്നു. ഓട്ടത്തിൽ ഇവൻ എല്ലാ മൃഗങ്ങളെയും പിന്നിലാക്കിയിരുന്നു. ഏതു മൃഗത്തെയും ഓടിച്ചിട്ടു പിടിക്കാൻ തനിക്കു കഴിയുമെന്ന് ഇവൻ വീരവാദം മുഴക്കിവന്നു. അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം ഓട്ടത്തിൽ കേമനായ മുയൽ മുന്നിൽ വന്നുപെട്ടു. മുയലുമായി ഒരു കൈ നോക്കണം. മുയലിനെ പരാജയപ്പെടുത്തി എല്ലാവരുടെയും കൈയടി വാങ്ങണം. ഈ നായ് തീരുമാനിച്ചു.

നായ മുയലിന്റെ പിന്നാലെ ഓട്ടമാരംഭിച്ചു. കുരച്ചുകൊണ്ട് അതിശീഘ്രം മുയലിന്റെ പിന്നാലെ ഓടുകയാണ്. ഇതു കാണുവാൻ ഒരു വലിയ മൃഗക്കൂട്ടം വഴിയുടെ ഇരുവശത്തും നിരന്നു നിൽക്കുകയാണ്. നായ് തന്റെ നീളമുള്ള ബലിഷ്ഠമായ കാലുകൾ നീട്ടിവെച്ച് കുതിച്ചു മുയലിന്റെ തൊട്ടുപിന്നിൽ എത്തി. ഇനി ഏതാനും അടികളുടെ അകലം മാത്രം! ഒന്ന്... രണ്ട്... മൂന്ന്... ചാട്ടത്തിനുള്ളിൽ നായയുടെ വായ്ക്കുള്ളിൽ മുയലിന്റെ മൃദുമേനി ഞെരിഞ്ഞ് അമരാൻ പോകുകയാണ്.

അവർ നോക്കി നിൽക്കുമ്പോൾ നായും മുയലും തമ്മിലുള്ള അകലം കൂടിക്കൂടി വന്നു. റബർ വലിച്ചു നീട്ടുന്നതുപോലെ അകലം വർധിക്കാൻ തുടങ്ങി. ഇതാ നിമിഷങ്ങൾ കഴിയുന്തോറും അതിന്റെ നീളം വർധിച്ചു വരുന്നു. മുയൽ സർവശക്തിയും സമാഹരിച്ച് കൊള്ളിമീൻപോലെ പാഞ്ഞുപോയി!

നായ് വിഷണ്ണനായി പിന്തിരിഞ്ഞു. അവശനായി വീഴുകയും ചെയ്തു. ചുറ്റുപാടും ആർത്തുചിരിച്ച പ്രേക്ഷകരോട് നായ് പക്ഷേ, അല്പം കാര്യമുള്ള ഒരു സാരം പറഞ്ഞു: ക്ഷമിക്കണം കൂട്ടുകാരേ, ഞാൻ വെറും രസത്തിനുവേണ്ടി ഓടിയതല്ലേ; അവനാണെങ്കിൽ ജീവരക്ഷയ്ക്കുവേണ്ടിയാണ് ഓടിയത്, നായ് തടിതപ്പി. ഇതിൽ വലിയൊരു പരമാർത്ഥം അടങ്ങിയിട്ടുണ്ട്.

ഇവിടെ രണ്ടുപേരും ചെയ്യുന്നത് ഒരേ കാര്യമാണെങ്കിലും രണ്ടുപേരുടെയും ലക്ഷ്യം വ്യത്യസ്തമാണ്. ഒരാൾ ജീവനെ ലക്ഷ്യമാക്കി ഓടുന്നു. അപരൻ നേട്ടങ്ങളെ ലക്ഷ്യമിടുന്നു.

റാൽ ബാറ്റൺ എന്ന വലിയ ചിത്രകാരൻ ആത്മഹത്യ ചെയ്യുന്നതിനുമുമ്പ്, ഒരു കുറിപ്പ് എഴുതിവച്ചു, അത് ഇപ്രകാരമായിരുന്നു: 'സന്തോഷവും സമാധാനവും കൊണ്ട് എന്റെ ജീവിതത്തിന്റെ ശൂന്യത മാറ്റുവാൻ ഞാൻ ലോകം മുഴുവനും ഓടി. ഈ ഓട്ടത്തിൽ ഞാൻ ക്ഷീണിച്ചിരിക്കുകയാണ്. അനേകം ഭാര്യമാർ, എണ്ണമില്ലാത്ത സുഖങ്ങൾ, കണക്കില്ലാത്ത പണം ഇതെല്ലാം എനിക്കുണ്ടായി, എങ്കിലും എന്റെ ജീവിതം ശൂന്യമാണ്.

ശലോമോൻ രാജാവ് മഹാസമ്പന്നനും ജ്ഞാനികളിൽ ജ്ഞാനിയും ശ്രേഷ്ഠനുമായിരുന്നു. സൂര്യനു കീഴിൽ അഭികാമ്യമായ സകലതും അവനുണ്ടായിരുന്നു. എല്ലാ ജീവിതസുഖങ്ങളും താൻ അനുഭവിച്ചു! എന്നിട്ടും അവസാനം തന്റെ ജീവിതവും ശൂന്യതയുടെ ആഴത്തിലേക്കു താണു.

നായയെ സംബന്ധിച്ചിടത്തോളം ജയം എന്നുള്ളത് വെറുമൊരു വാശി മാത്രം! ജയിച്ചില്ലെങ്കിലും നഷ്ടപ്പെടാൻ ഒന്നുമില്ല എന്നുള്ള ചിന്തയാണ്. എന്നാൽ മുയലിനെ സംബന്ധിച്ച് അങ്ങനെയല്ല; തോറ്റാൽ നഷ്ടപ്പെടുന്നത് അവന്റെ വിലപ്പെട്ട ജീവനായിരിക്കും. മുയലിന് ഈ കാര്യം പൂർണ ബോധ്യമുണ്ട്.

ലോകപ്രകാരമുള്ള നേട്ടങ്ങൾക്കുവേണ്ടിയുള്ള ഓട്ടം നിരാശയിലും ശൂന്യതയിലും നിത്യനാശത്തിലും അവസാനിക്കുമ്പോൾ നിത്യജീവനുവേണ്ടിയുള്ള ഓട്ടം ജീവിതത്തിന് സ്വാതന്ത്ര്യവും വിജയവുമാണ് സമ്മാനിക്കുന്നത്.






☺അത്ഭുതക്കാരെയും അടയാളക്കാരെയും ടി.വി. ചാനലുകളിൽ കണ്ടു മടുത്തു. ഇവരെക്കൊണ്ട് എനിക്ക് എന്തു പ്രയോജനം.

*ഷാജി കൊച്ചുതറയിൽ, വാരിയാപുരം, ഇലന്തൂർ, പത്തനംതിട്ട*

☹**കഷ്ടപ്പാടുകൾ നേരിടാനും അവയെ മറികടക്കാനും, ജീവിതത്തിൽ വിജയിക്കുവാനുമുള്ള കുറുക്കുവഴികൾ അവരിൽ നിന്ന് ഫ്രീയായി കണ്ടുപഠിക്കാമല്ലോ.**

☺കള്ളന്മാർ മോഷ്ടിക്കുന്നു. ആത്മീയ നേതാക്കളോ.

*ബ്ലസ്സി സൈമൺ, കല്ലുകടവ്, പത്തനാപുരം, കൊല്ലം.*

☹**ദൈവജനത്തെ കൊള്ളയടിക്കുന്നു.**

☺ആത്മീയരുടെ മനഃസാക്ഷി..

*ഷിജു മാത്യു, കരവാളൂർ, പുനലൂർ.*

☹**അനുദിന ജീവിതത്തിലെ "മാപ്പുസാക്ഷി".**

☺ പുതിയ ഇനം പച്ചക്കറികൾക്കും കാറ്റിനും എല്ലാം സ്ത്രീകളുടെ പേരുകൾ ഇടുന്നതിനു കാരണം.

*ജിനു ഏബ്രഹാം, മണാലിൽ, ഏരൂർ, കൊല്ലം.*

☹**പടർന്നു പന്തലിക്കാനും കൊടുങ്കാറ്റാവാനും സ്ത്രീകൾക്കുള്ള കഴിവുതന്നെ കാരണം.**

☺നേതാക്കളുടെ നിലവാരം വച്ചുനോക്കിയാൽ ആത്മീയ പ്രസ്ഥാനങ്ങൾ മുങ്ങുന്ന കപ്പലാണെന്ന് പറഞ്ഞാൽ.

*ഷീബാ ചെറിയാൻ, പുല്ലൂർ, ഇരിങ്ങാലക്കുട,തൃശ്ശൂർ*

☹ **കലക്കവെള്ളത്തിൽ മുങ്ങിയാലും അതിൽ പൊങ്ങിക്കിടക്കാൻ അവർക്കറിയാം.**

☺ ഇന്നത്തെ ആത്മീയ ദൂതുകൾ ഹൃദയത്തിൽ സൂക്ഷിക്കാൻ കഴിയാത്തത് എന്തുകൊണ്ട്.

*ടി.ജെ.സൈമൺ, തെങ്ങേലിൽ, കുറ്റൂർ, തിരുവല്ല.*

☹ **ഇന്ന് കേൾക്കുന്നതെല്ലാം വയറിൽ സൂക്ഷിക്കാനുള്ള ദൂത് ആയതുകൊണ്ട്.**

☺ഫേസ്ബുക്കിൽ കണ്ട് ചാറ്റിങ്ങിലൂടെ ഇഷ്ടപ്പെട്ട് തിരക്കുമൂലം കല്ല്യാണഉറപ്പ് വീഡിയോ കോൺഫറൻസിലൂടെയായിരുന്നു. ഇനിയും കല്യാണം എങ്ങനെ നടത്തും.

*മേഴ്സി അലക്സ്, അമ്പൂരി, കുറ്റമല, വെള്ളറട*

☹**ഇ-മെയിൽ വഴി നടത്താം.**




Printed, Published and owned by Titus Karthikappally, Punnoothara, Kerala 690 516.
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally